2023
MAY
16
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ട്വിറ്റർ സിഇഒ സ്ഥാനം ഒഴിയുന്നുവെന്ന് മസ്ക്: പകരം ലിൻഡ യാക്കറിനോ

**സാൻഫ്രാൻസിസ്കോ:** ട്വിറ്റർ സിഇഒ സ്ഥാനം ഒഴിയുമെന്നു വ്യക്തമാക്കി ഉടമ ഇലോൺ മസ്ക്. തനിക്കു പകരം സിഇഒ ആയി ഒരു വനിതയെ കണ്ടെത്തിയെന്നും ആറാഴ്ചകൾക്കുള്ളിൽ അവർ സ്ഥാനമേറ്റെടുക്കുമെന്നും മസ്ക് ട്വീറ്റ് ചെയ്തു. ചീഫ് ടെക്നോളജി ഓഫിസർ, എക്സിക്യൂട്ടീവ് ചെയർ എന്നീ സ്ഥാനങ്ങളിൽ തുടരുമെന്നും മസ്ക് പറഞ്ഞു. കഴിഞ്ഞ ഒക്ടോബറിൽ 4400 കോടി യുഎസ് ഡോളർ നൽകി ട്വിറ്റർ സ്വന്തമാക്കിയതിനു പിന്നാലെയാണ് മസ്ക് സിഇഒ സ്ഥാനത്തെത്തിയത്.

മണിക്കൂറുകൾക്കു ശേഷം എൻബിസി യൂണിവേഴ്സൽ എക്സിക്യൂട്ടീവ് ലിൻഡ യാക്കറിനോ ചുമതലയേൽക്കുമെന്ന് മസ്ക് വ്യക്തമാക്കി. രാജ്യാന്തര മാധ്യമങ്ങളും വാർത്താ ഏജൻസികളും മസ്കിന്റെ ആദ്യ ട്വീറ്റിനു പിന്നാലെ യാക്കറിനോയുടെ പേര് പുറത്തുവിട്ടിരുന്നു. കഴിഞ്ഞ മാസം മയാമയിൽ നടന്ന അഡ്വെർടൈസിങ് കോൺഫറൻസിനിടെ മസ്കും യാക്കറിനോയും കൂടിക്കാഴ്ച നടത്തിയിരുന്നു. സ്ഥാനമൊഴിയാൻ തയാറാണെന്ന് മസ്ക് മുൻപും വ്യക്തമാക്കിയിട്ടുണ്ട്. ട്വിറ്റർ മേധാവിയായി താൻ തുടരണോ എന്ന ചോദ്യവുമായി ട്വിറ്ററിൽ വോട്ടെടുപ്പും നടത്തിയിരുന്നു. വോട്ടെടുപ്പിൽ 57.5% പേരും മസ്ക് തലപ്പത്തു വേണ്ടെന്ന അഭിപ്രായമാണു രേഖപ്പെടുത്തിയത്.

അമേരിക്കൻ മാധ്യമസ്ഥാപനമായ എൻബിസി യൂണിവേഴ്സലിന്റെ ഗ്ലോബൽ അഡ്വെർടൈസിങ് ആൻഡ് പാർട്നർഷിപ് ചെയർമാനാണ് നിലവിൽ ലിൻഡ യാക്കറിനോ. ട്വിറ്റർ സിഇഒ ആയി യാക്കറിനോ എത്തുമെന്ന് നേരത്തെതന്നെ അമേരിക്കൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.


ലിൻഡ യാക്കറിനോ

മസ്കിന്റെ ആദ്യ ട്വീറ്റിനു പിന്നാലെ യാക്കറിനോയുടെ പേര് സജീവ ചർച്ചയാകാനുള്ള കാരണമിതാണ്. 2011ൽ ആണ് യാക്കറിനോ എൻബിസി യൂണിവേഴ്സലിലെത്തുന്നത്.

ആദ്യം കേബിൾ എന്റർടൈൻമെന്റിന്റെയും ഡിജിറ്റൽ അഡ്വെർടൈസിങ് സെയിൽസ് ഡിവിഷന്റെയും പ്രസിഡന്റായിരുന്നു.

കഴിഞ്ഞ വർഷമാണ് ചെയർമാൻ സ്ഥാനത്തെത്തുന്നത്. ഇതിനു മുൻപ് ടേണർ എന്റർടെയ്ൻമെന്റ് എന്ന കമ്പനിയിൽ 19 വർഷം ജോലി ചെയ്തു.

എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റായിരിക്കുമ്പോഴാണ് എൻബിസിയിലേക്കു മാറുന്നത്. പരസ്യമേഖലയിലെ ഡിജിറ്റൽ സാധ്യതകൾ കണ്ടെത്തുന്നതിലെ മികവ് ശ്രദ്ധേയമായി. പെൻ സ്റ്റേറ്റ് സർവകലാശാലയിൽ നിന്ന് ലിബറൽ ആർട്സ് ആൻഡ് ടെലികമ്യൂണിക്കേഷനിലാണു ബിരുദം.

## അദാനി: ഹിൻഡൻബർഗ് ആരോപണം വ്യാജമെന്ന് സെബി

**ദില്ലി:** ഹിൻഡർബർ?ഗ് റിപ്പോർട്ടിൽ അദാനിക്കെതിരായ അന്വേഷണത്തിന് മൂന്ന് മാസം പോരെന്ന് ഓഹരി വിപണിയെ നിയന്ത്രിക്കുന്ന സ്ഥാപനമായ സെബിസുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ അഭ്യർത്ഥിച്ചു. ആറുമാസമെങ്കിലും സമയം ആവശ്യമാണെന്നും തിരക്കുപിടിച്ചുള്ള അന്വേഷണം വഴി അപക്വമായ നിഗമനങ്ങളിൽ എത്തുന്നത് നീതിനിഷേധമാകുമെന്നും സെബി(ട്രഷ്യആക സെക്യൂരിറ്റീസ് ആൻറ് എക്സ് ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) അഭിപ്രായപ്പെട്ടു



അദാനിയ്ക്കെതിരായ ഹിൻഡൻബർഗ് ആരോപണങ്ങളെക്കുറിച്ചാണ് സെബി അന്വേഷിക്കേണ്ടത്. കണക്കുകളിൽ കൃത്രിമം കാണിച്ചെന്നും ഓഹരികളിൽ വിലകൂട്ടിക്കാണിച്ചെന്നും കമ്പനിയുടെ ഭരണനിർവ്വഹണത്തിൽ ഒട്ടേറെ വീഴ്ചകൾ വരുത്തിയെന്നതും ഉൾപ്പെടെ ഒട്ടേറെ ആരോപണങ്ങൾ ഹിൻഡൻബർഗ് ഉന്നയിച്ചിട്ടുണ്ട്. സമയം നീട്ടി ചോദിച്ചുള്ള സെബിയുടെ അപേക്ഷയിൽ സുപ്രീംകോടതി ചൊവ്വാഴ്ച വിധി പറയുമെന്ന് ചീഫ് ജസ്റ്റിസ് ചന്ദ്രചൂ!ഡ് പറഞ്ഞു.

ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്തിട്ടുള്ള 51 കമ്പനികൾക്കെതിരെ ഗ്ലോബൽ ഡെപ്പോസിറ്ററി റെസീറ്റുകൾ ദുരുപയോഗം ചെയ്തെന്ന കേസിൽ സെബി അന്വേഷണം നടക്കുന്നുണ്ട്. വിദേശ കമ്പനികളുടെ ഓഹരികളെ പ്രതിനിധീകരിക്കുന്ന ഒരു തരം ബാങ്ക് സർട്ടിഫിക്കറ്റാണ് ഗ്ലോബൽ ഡെപ്പോസിറ്ററി റെസീപ്റ്റ്. ഇത് ബാങ്കുകൾ നൽകുന്ന, കൈമാറ്റം ചെയ്യാവുന്ന സർട്ടിഫിക്കറ്റാണ്. ഈ കമ്പനികളുടെ 2016 മുതലുള്ള വിവരങ്ങൾ സെബി അന്വേഷിച്ചുവരുന്നുണ്ട്. എന്നാൽ ഈ 51 കമ്പനികളിൽ അദാനി ഗ്രൂപ്പിൻറെ ഒരു കമ്പനിയും ഉൾപ്പെട്ടിട്ടില്ലെന്ന് സെബി സുപ്രീംകോടതിയിൽ സമർപ്പിച്ച പുതിയ സത്യവാങ്മൂലത്തിൽ വ്യക്തമാക്കി.

ചീഫ് ജസ്റ്റീസ് ഡിവൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ഇന്ന് ഈ വിഷയത്തിൽ ഉത്തരവ് നൽകാമെന്നായിരുന്നു കഴിഞ്ഞ വെള്ളിയാഴ്ച കേസ് പരി?ഗണിച്ചപ്പോൾ വ്യക്തമാക്കിയിരുന്നത്. എന്നാൽ തിങ്കളാഴ്ച ജസ്റ്റീസ് എംആർ ഷാ വിരമിക്കുന്ന ദിവസമായതിനാൽ അദ്ദേഹത്തിന് സുപ്രീം കോടതി യാത്രയയപ്പ് നൽകുന്ന സാഹചര്യത്തിൽ കോടതികൾ നേരത്തെ പിരിഞ്ഞു. ഈ സാഹചര്യത്തിലാണ് ചൊവ്വാഴ്ച സെബിയുടെ അപേക്ഷയിൽ ഉത്തരവ് നൽകാമെന്ന് ചീഫ് ജസ്റ്റീസ് വ്യക്തമാക്കിയത്. കേസിലെ പരാതിക്കാരൻ ഗ്ലോബൽ ഡെപ്പോസിറ്ററി റസീറ്റുകൾ ദുരുപയോഗം ചെയ്ത 51 കമ്പനികളിൽ സെബി അന്വേഷണം നടക്കുന്നുണ്ടെന്നും ആ 51 കമ്പനികളിൽ അദാനി ഗ്രൂപ്പ് കമ്പനികളും ഉൾപ്പെട്ടിട്ടുണ്ടെന്നും ആരോപിച്ചിരുന്നു. ഈ ആരോപണം സെബി തിങ്കളാഴ്ച നിഷേധിച്ചു.

## സാൻറിയാഗോ മാർട്ടിൻറെ 457 കോടിയുടെ സ്വത്തുക്കൾ ഇഡി കണ്ടുകെട്ടി

കോയമ്പത്തൂർ: ലോട്ടറി രാജാവെന്ന് അറിയപ്പെടുന്ന സാൻറിയാഗോ മാർട്ടിൻറെ 457 കോടി രൂപയുടെ സ്വത്തുക്കൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) കണ്ടുകെട്ടി. വീട്ടിലും ഓഫിസിലും നടത്തിയ റെയ്ഡിന് ശേഷമാണ് നടപടി. സിക്കിം ലോട്ടറികളുടെ മാസ്റ്റർ ഡിസ്ട്രിബ്യൂട്ടറായ കോയമ്പത്തൂരിലെ ഫ്യൂച്ചർ ഗെയിമിങ് സൊല്യൂഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൻറെ കോയമ്പത്തൂരിലെ ഓഫിസ്, കോയമ്പത്തൂരിലെ വീടും പരിസരവും ചെന്നൈയിലെ കുടുംബാംഗങ്ങളുടെ വീടും ഓഫിസും കണ്ടുകെട്ടിയവയിൽ ഉൾപ്പെടുന്നു. കേരളത്തിൽ സിക്കിം ലോട്ടറി വിൽപ്പന നടത്തിയത് ഉൾപ്പെടയുള്ള കാര്യങ്ങളിൽ സിബിഐ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഇഡി അനധികൃത സ്വത്ത് സമ്പാദനം അന്വേഷിക്കാൻ തീരുമാനിച്ചത്. സിക്കിം സർക്കാരിന് 910 കോടി രൂപയുടെ നഷ്ടമാണ് മാർട്ടിനും അദ്ദേഹവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും ചേർന്ന് വരുത്തിവച്ചിരിക്കുന്നത്.

അതേസമയം, നേരത്തെ ലോട്ടറി വിൽപനയിൽ ചട്ടങ്ങൾ ലംഘിച്ച് 910 കോടി രൂപ സമ്പാദിച്ചു, അനധികൃത പണമിടപാട് നടത്തി എന്നീ ആരോപണങ്ങളുടെ പേരിൽ മാർട്ടിനെതിരെ കൊച്ചി എൻഫോഴ്സ്ൻറ് കേസ് എടുത്തിരുന്നു.

## കടമെടുപ്പ്: കേരളം ശ്രദ്ധിക്കണമെന്ന് ലോകബാങ്ക് വൈസ് പ്രസിഡന്റ്

**തിരുവനന്തപുരം:** കേരളം കടബാധ്യതയുടെ കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്നും എല്ലാത്തിനും കടമെടുക്കരുതെന്നും ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ ചുമതലയുള്ള ലോകബാങ്ക് വൈസ് പ്രസിഡന്റ് മാർട്ടിൻ റെയ്സർ. കഴിയാവുന്നത്ര മേഖലകളിൽ സ്വകാര്യ നിക്ഷേപം കൊണ്ടുവരണമെന്നും ഇത്തരം മേഖലകളിൽനിന്നു സർക്കാർ പിൻമാറണമെന്നും മാർട്ടിൻ റെയ്സർ പറഞ്ഞു. ഇക്കാര്യം മുഖ്യമന്ത്രി പിണറായി വിജയന്റെ ശ്രദ്ധയിൽപെടുത്തിയതായി കൺട്രി ഡയറക്ടർ അഗസ്തേ താനോ ക്വാമിക്കൊപ്പം മുഖ്യമന്ത്രിയെ കണ്ടശേഷം മാർട്ടിൻ റെയ്സർ പറഞ്ഞു.പുനരുപയോഗ ഊർജം പോലെയുള്ള മേഖലകളിൽ കേരളം സ്വകാര്യനിക്ഷേപം പ്രോത്സാഹിപ്പിക്കണം. മാർട്ടിൻ റെയ്സർ പറഞ്ഞു.




സി.ബി.എസ്.ഇ 12 ാം ക്ലാസ് കൊമേഴ്സ് വിഭാഗത്തിൽ 89.8 ശമതാനം മാർക്ക് നേടി ടോപ്പർ ആയ മുഹമ്മദ് ഷഹീൻ


സി.ബി.എസ്.ഇ 12 ാം ക്ലാസ് കൊമേഴ്സ് വിഭാഗത്തിൽ 89.8 ശമതാനം മാർക്ക് നേടി ടോപ്പർ ആയ ഫിസാ ഫാത്തിമ കെ.എ


സി.ബി.എസ്.ഇ 12 ാം ക്ലാസ് കൊമേഴ്സ് വിഭാഗത്തിൽ 88.6 ശതമാനം മാർക്കോടെ രണ്ടാം സ്ഥാനം നേടിയ അഫ്ര ഫാത്തിമ


സി.ബി.എസ്.ഇ 12 ാം ക്ലാസ് കൊമേഴ്സ് വിഭാഗത്തിൽ 80.2 ശതമാനം മാർക്കോടെ മൂന്നാം സ്ഥാനം നേടിയ ആലിയ ഫാത്തിമ എ.എസ്


സി.ബി.എസ്.ഇ 12 ാം ക്ലാസ് സയൻസ് വിഭാഗത്തിൽ 90.6 ശതമാനം മാർക്കോടെ ടോപ്പർ ആയ എലിസബത്ത് വിനിൽ


സി.ബി.എസ്.ഇ 12 ാം ക്ലാസ് സയൻസ് വിഭാഗം 89.2 ശതമാനം മാർക്ക് നേടി രണ്ടാം സ്ഥാനം ആലിയ നിലോഫെർ ഷെഫിഖ്


സി.ബി.എസ്.ഇ 12 ാം ക്ലാസ് സയൻസ് വിഭാഗത്തിൽ 88.4 ശതമാനം മാർക്കോടെ മൂന്നാം സ്ഥാനം നേടിയ എം.ഇർഫാൻ അനസ്


സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷയിൽ 95 ശതമാനം മാർക്കോടെ മൂന്നാം സ്ഥാനം നേടിയ ഫാത്തിമ ഫർഹാന ടി.എൻ


സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷത്തിലും എ വൺ നേടി 97 ശതമാനം മാർക്കോടെ ടോപ്പർ ആയ ആലിയ ഫാത്തിമ എ.ആർ


സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷയിൽ 94 ശതമാനം മാർക്കോടെ നാലാം സ്ഥാനം നേടിയ ഫാത്തിമ പി.ജലീൽ


സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷയിൽ 95.2 ശതമാനം മാർക്ക് നേടി രണ്ടാം സ്ഥാനം കരസ്തമാക്കിയ ലിനസ് ലിയോ

# സി.ബി.എസ്.ഇ 10, 12 പരീക്ഷ; നൂറിന്റെ പൊൻതിളക്കത്തിൽ കൊച്ചിൻ പബ്ലിക്ക് സ്കൂൾ

**കൊച്ചി:** സി.ബി.എസ് 10,12 ക്ലാസ് പരീക്ഷയിൽ നൂറു ശതമാനം വിജയത്തിന്റെ പൊൻതിളക്കത്തിൽ തൃക്കാക്കര കൊച്ചിൻ പബ്ലിക്ക് സ്കൂൾ.

പത്താം ക്ലാസിൽ പരീക്ഷ എഴുതി 54 കുട്ടികളിൽ 36 കുട്ടികളും (67 ശതമാനം) ഡിസ്റ്റിംഗ്ഷനോടുകൂടിയാണ് മിന്നുന്ന വിജയം കൈവരിച്ചത്. പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ സയൻസ്,കൊമേഴ്സ് വിഭാഗങ്ങളിലും നൂറു ശതമാനം വിജയം എന്ന അഭിമാന നേട്ടം സ്കൂൾ കൈവരിച്ചു. സയൻസ് വിഭാഗത്തിൽ പരീക്ഷ എഴുതിയ 42 കുട്ടികളിൽ 19 കുട്ടികളും(46 ശതമാനം) ഡിസ്റ്റിംഗ്ഷൻ നേടി. കൊമേഴ്സ് വിഭാഗത്തിൽ പരീക്ഷ എഴുതിയ ഒമ്പതു കുട്ടികളിൽ അഞ്ചു കുട്ടികൾക്കും(56 ശതമാനം) ഡിസ്റ്റിംഗ്ഷൻ ലഭിച്ചു.

പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷത്തിലും എ വൺ നേടി ആലിയ ഫാത്തിമ എ.ആർ 97 ശതമാനം മാർക്കോടെ സ്കൂൾ ടോപ്പർ ആയി. 95.2 ശതമാനം മാർക്ക് നേടിയ ലിനസ് ലിയോ രണ്ടാ സ്ഥാനവും, 95 ശതമാനം മാർക്കോടെ ഫാത്തിമ ഫർഹാന ടി.എൻ മൂന്നാം സ്ഥാനവും, 94 ശതമാനം മാർക്കോടെ ഫാത്തിമ പി.ജലീൽ നാലാം സ്ഥാനവും നേടി. പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ സയൻസ് വിഭാഗത്തിൽ 90.6 ശതമാനം മാർക്കോടെ എലിസബത്ത് വിനിൽ സ്കൂൾ ടോപ്പർ ആയി. 89.2 ശതമാനം മാർക്ക് നേടി ആലിയ നിലോഫെർ ഷെഫിഖ് രണ്ടാം സ്ഥാനവും, 88.4 ശതമാനം മാർക്കോടെ എം.ഇർഫാൻ അനസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

കൊമേഴ്സ് ബാച്ചിൽ 89.8 ശമതാനം മാർക്ക് നേടി ഫിസാ ഫാത്തിമ കെ.എ, മുഹമ്മദ് ഷഹീൻ എന്നിവർ സ്കൂൾ ടോപ്പേഴ്സ് ആയി. 88.6 ശതമാനം മാർക്കോടെ അഫ്ര ഫാത്തിമ രണ്ടാം സ്ഥാനവും 80.2 ശതമാനം മാർക്കോടെ ആലിയ ഫാത്തിമ എ.എസ് മൂന്നാം സ്ഥാനവും നേടി. അധ്യാപകർ,വിദ്യാർഥികൾ,രക്ഷിതാക്കൾ,സ്കൂൾ മാനേജ്മെന്റ് എന്നങ്ങനെ എല്ലാവരുടെയും ചിട്ടയായ പ്രവർത്തനത്തിന്റെയും കൂട്ടായ്മയുടെയും ഫലമാണ് ഇത്തരത്തിൽ സ്കളിന് അഭിമാനമായ നേട്ടം കൈവരിക്കാൻ സാധിച്ചതെന്നും എല്ലാവരെയും അഭിനന്ദിക്കുന്നതായും സ്കൂൾ പിൻസിപ്പാൾ ജെബീന ഇബ്രാഹിം പറഞ്ഞു.

## ടെൻഡർ ക്ഷണിച്ചു

**തൃശൂർ:** എക്സൈസ് അക്കാദമിയിൽ ഉപയോഗിച്ചുവരുന്ന കിടക്കവിരികൾ, കർട്ടനുകൾ, കസേരവിരികൾ, മേശവിരികൾ എന്നിവ കഴുകി വൃത്തിയാക്കുന്ന കരാർ ലഭിക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. അവസാന തിയ്യതി മെയ് 31. ഫോൺ: 9400069700.

## ലോകായുക്ത സിറ്റിംഗ്

**തൃശൂർ:** കേരള ലോകായുക്ത മെയ് 29, 30 തിയ്യതികളിൽ ഗവ. ഗസ്റ്റ് ഹൌസ് കോൺഫറൻസ് ഹാളിൽ അദാലത്ത് നടത്തും. അന്നേദിവസം നിശ്ചിത ഫോറത്തിലുള്ള പുതിയ പരാതികൾ സ്വീകരിക്കും.

## അധ്യാപക ഒഴിവ്

വരടിയം ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിൽ 2023 24 അക്കാദമിക വർഷത്തേക്ക് കെമിസ്ട്രി, ഫിസിക്സ്, കമ്പ്യൂട്ടർ എന്നീ വിഷയങ്ങളിൽ താൽക്കാലിക അധ്യാപകരെ ആവശ്യമുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ പിജി (55 ശതമാനം) ബിഎഡ്, സെറ്റ് എന്നിവയാണ് യോഗ്യത.

കമ്പ്യൂട്ടറിന് ബിടെക് / എം എസ് സി / എം സി എ (60 ശതമാനം) ആണ് യോഗ്യത. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റയും അസ്സൽ സർട്ടിഫിക്കറ്റുകളും സർട്ടിഫിക്കറ്റുകളുടെ ഒരു സെറ്റ് പകർപ്പുമായി അഭിമുഖത്തിന് ഓഫീസിൽ ഹാജരാകേണ്ടതാണ്.

മെയ് 22ന് രാവിലെ 10ന് ഫിസിക്സ്, ഉച്ചയ്ക്ക് 12ന് കെമിസ്ട്രി, ഉച്ചയ്ക്ക് 02 ന് കമ്പ്യൂട്ടർ അഭിമുഖം നടക്കും.



# മെഡിക്കൽ രംഗത്തിന് വേണ്ടത് സേവനമനോഭാവം: ഡോ. ഇക്ബാൽ

**തൃശൂർ:** മെഡിക്കൽ പാരാ മെഡിക്കൽ രംഗത്തെ സാധ്യതകളെ കുറിച്ച് കേരള ഹെൽത്ത് സയൻസ് യൂണിവേഴ്സിറ്റി സ്റ്റുഡന്റ് അഫയർസ് വിഭാഗം ഡീൻ ഡോ.ഇക്ബാൽ നയിച്ച ക്ലാസ്സ് ശ്രദ്ധേയമായി. എന്റെ കേരളം മെഗാ എക്സിബിഷനിൽ കുട്ടികൾ തിങ്ങി നിറഞ്ഞ കരിയർ ഗൈഡൻസ് വേദിയിലാണ് ക്ലാസ്സ് നടന്നത്.

സേവന മനോഭാവം ആവശ്യമുള്ള പ്രതിസന്ധികൾ നിറഞ്ഞ മേഖലയാണ് ആരോഗ്യരംഗം. അത് റിസ്കുള്ള ഒന്നാണ്. ജോലികൾ അനുദിനം വർദ്ധിക്കുന്ന മേഖല കൂടിയാണ്. ആരോഗ്യരംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കൂടി കടന്നു വരികയാണ്.

ലോകത്തെ ഏറ്റവും മികച്ച തൊഴിലേതെന്ന് ഗൂഗിളിൽ തിരഞ്ഞാൽ ഡോക്ടർ എന്നാണ് കാണുക. എന്നാൽ വീട്ടുകാരുടെ സമ്മർദ്ദത്തിലാണ് പലപ്പോഴും കുട്ടികൾ ഈ തൊഴിൽ തെരഞ്ഞെടുക്കുന്നത്. ഈ മേഖല തനിക്ക് യോജിച്ചതാണോ എന്ന് സ്വയം ചിന്തിക്കണം. താരാശങ്കർ ബാനർജിയുടെ ആരോഗ്യ നികേതനം വായിക്കുകയും അതിലെ കഥാപാത്രമായ ജീവൻ മശായി നൽകുന്ന സന്ദേശം മനസ്സിലാക്കുകയും വേണമെന്നും ഡോ. ഇക്ബാൽ പറഞ്ഞു.

വർക്ക് ലൈഫ് ബാലൻസ് കുറവുള്ള മേഖലയാണ് ആരോഗ്യരംഗം. എംബിബിഎസ് ആണ് എല്ലാവരും ആഗ്രഹിക്കുന്നത്. ബിഡിഎസ്, ആയുർവേദ, സിദ്ധ കോഴ്സുകൾ, നഴ്സിംഗ്, ടെക്നീഷ്യൻമാർ തുടങ്ങി നിരവധി സാധ്യതകൾ ഉള്ള മേഖലയാണ് ആരോഗ്യരംഗമെന്നും ഡോ. ഇക്ബാൽ പറഞ്ഞു.

ഒരു ഡോക്ടർക്ക് വേണ്ട ഏറ്റവും വലിയ ഗുണം എന്തെന്ന് ചോദിച്ചപ്പോൾ വേദിയിൽ നിന്നും എൻ.എസ്.എസ്. വളണ്ടിയർ ആയ റൈമി സേവന മനോഭാവം എന്ന് മറുപടി നൽകി. പുതിയ കുട്ടികളുടെ ദിശാബോധത്തെ ഡോക്ടർ ക്ലാസ്സിൽ അഭിനന്ദിച്ചു.

## പ്രവാസി മിത്രം പോർട്ടലിന്റെയും പ്രവാസി സെല്ലിന്റെയും ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പ്രവാസികൾക്കായി തുടങ്ങിയ പ്രവാസിമിത്രം പോർട്ടലിന്റെയും പ്രവാസി സെൽ സംവിധാനത്തിന്റെയും ഉദ്ഘാടനം മേയ് 17 ന് നടക്കും.

നിയമസഭാ മന്ദിരത്തിലെ ആർ.ശങ്കരനാരായണൻ തമ്പി ഹാളിൽ വൈകീട്ട് 4.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. റവന്യു മന്ത്രി കെ.രാജൻ അധ്യക്ഷത വഹിക്കും.

പോർട്ടൽ യാഥാർഥ്യമാകുന്നതോടെ റവന്യുസർവേ വകുപ്പിലെ വിവിധ ഓഫീസുകളിൽ പ്രവാസികൾ നൽകിയ അപേക്ഷകളുടെയും പരാതികളുടേയും നിജസ്ഥിതി ഓൺലൈനിൽ അറിയാൻ സാധിക്കും. പ്രവാസിമിത്രം പോർട്ടൽ മുഖേന ലഭിക്കുന്ന പരാതികൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകനം ചെയ്യുന്നതിനായി രൂപീകരിച്ചതാണ് പ്രവാസി സെൽ.

പരിപാടിയിൽ മന്ത്രിമാരായ വി ശിവൻകുട്ടി, ആന്റണി രാജു, ജി.ആർ അനിൽ, പി പ്രസാദ്, മേയർ ആര്യ രാജേന്ദ്രൻ, എം.എ യൂസഫലി, രവി പിള്ള, ഡോ. ആസാദ് മൂപ്പൻ, ജെ.കെ മേനോൻ തുടങ്ങിയവർ പങ്കെടുക്കും.

## നാറ്റ്പാക് പരിശീലനം

സ്ഫോടക വസ്തുക്കൾ, എൽ.പി.ജി തുടങ്ങിയ പെട്രോളിയം ഉൽപന്നങ്ങൾ, രാസപദാർഥങ്ങൾ എന്നിവ സുരക്ഷിതമായി കൈകാര്യം ചെയ്യൽ, സുരക്ഷിത ഗതാഗതം സംബന്ധിച്ച് ഡ്രൈവർമാർക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള ശാസ്ത്രീയ പരിശീലനം 2023 മേയ് 17, 18, 19 തീയതികളിൽ നാറ്റ്പാക്കിന്റെ ആക്കുളം പരിശീലന കേന്ദ്രത്തിൽ നടക്കും. ഫോൺ : 0471 2779200, 9074882080.

# നെടുങ്കണ്ടം പഞ്ചായത്ത് സ്റ്റേഡിയം സിന്തറ്റിക് ട്രാക്ക് അന്തിമഘട്ടത്തിൽ

**നെടുങ്കണ്ടം:** നെടുങ്കണ്ടം പഞ്ചായത്ത് സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് നിർമാണം അന്തിമഘട്ടത്തിൽ. ഇന്റർനാഷനൽ അസോസിയേഷൻ ഓഫ് അത്‌ലറ്റിക് ഫെഡറേഷന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. സർട്ടിഫിക്കറ്റ് ലഭിക്കുന്നതോടെ തിരഞ്ഞെടുക്കപ്പെട്ട രാജ്യാന്തര മത്സരങ്ങൾക്ക് നെടുങ്കണ്ടം പഞ്ചായത്ത് സ്റ്റേഡിയം വേദിയാകും.

നിർമാണം പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തെ മികച്ച ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയമായി നെടുങ്കണ്ടം പഞ്ചായത്ത് സ്റ്റേഡിയം മാറും. സിന്തറ്റിക് ട്രാക്ക് സ്റ്റേഡിയത്തിന്റെ നിർമാണപ്രവർത്തനം എം.എം.മണി വിലയിരുത്തി. ഏതാനും കായിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതും ടർഫിന്റെ നിർമാണവുമാണ് ഇനി പൂർത്തിയാകാനുള്ളത്.



പോൾവാൾട്ട്, ഹൈ ജംപ് എന്നിവയുടെ ബെഡ് സ്ഥാപിക്കൽ, ലോങ് ജംപിന്റെ പിറ്റിൽ കടൽ മണൽ നിറയ്ക്കൽ, ഡിസ്‌ക്സ് ത്രോ, ഹാമർ ത്രോ എന്നിവയ്ക്കുള്ള കേജ് സെറ്റ് ചെയ്യൽ, പുല്ലുകൾ നനയ്ക്കുന്നതിനുള്ള സ്പ്രിൻക്ലർ സ്ഥാപിക്കൽ എന്നിവയാണ് ഇനി പൂർത്തീകരിക്കാനുള്ളത്.ട്രാക്കിന്റെ സിന്തറ്റിക് മെറ്റീരിയൽസ് എത്തിച്ചത് ജർമനിയിൽ നിന്നുമാണ്.

ഇന്ത്യയിൽ ലഭിക്കാത്തതിനാലാണ് സിന്തറ്റിക് മെറ്റീരിയൽസ് ജർമനിയിൽ നിന്ന് ഇറക്കുമതി ചെയ്തത്. 400 മീറ്റർ സിന്തറ്റിക് ട്രാക്കാണ് നിർമിച്ചിരിക്കുന്നത്. 1

3.2 മില്ലി മീറ്റർ കനമാണ് ട്രാക്കിനുള്ളത്. 400 മീറ്റർ ട്രാക്കിന്റെ ആദ്യ 100 മീറ്റർ 10 ലൈനുകളും ബാക്കി ഭാഗം 8 ലൈനുകളുമാണ്. 400 മീറ്റർ, 100 മീറ്റർ ഓട്ട മത്സരങ്ങൾക്ക് പുറമേ ഡിസ്കസ്, ഹാമർ ത്രോ, ഷോട്പുട്, ലോങ് ജംപ്, ട്രിപ്പിൾ ജംപ്, പോൾവോൾട്ട്, സ്റ്റീപ്പിൾ ചെയ്സിങ്, ജാവലിൻ, ഹൈ ജംപ്, ഫുട്ബോൾ എന്നീ മത്സരങ്ങൾക്കുള്ള സൗകര്യം ഇവിടെ ലഭ്യമാണ്.

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ടി.കുഞ്ഞ്, പി.എൻ. വിജയൻ, എൻ.കെ. ഗോപിനാഥൻ, എം.സുകുമാരൻ, മാർട്ടിൻ മാത്യു, രഞ്ജിത് രവി, കിറ്റ്കോ സൈറ്റ് മാനേജർ ഫ്രീന എന്നിവരടങ്ങിയ സംഘം സ്റ്റേഡിയത്തിൽ പരിശോധന നടത്തി.

## പട്ടികവിഭാഗങ്ങൾക്കായി പ്രവാസി പുനരധിവാസ വായ്പാ പദ്ധതി



**കോട്ടയം:** സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ വികസന കോർപറേഷൻ നോർക്ക റൂട്ട്സുമായി ചേർന്നു നടപ്പാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയായ പ്രവാസി പുനരധിവാസ വായ്പാ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ പട്ടികവിഭാഗത്തിൽപ്പെട്ട പതിനെട്ടിനും 55 വയസിനും മധ്യേ പ്രായമുള്ള സംരംഭകത്വ ഗുണമുള്ളവരാകണം. അപേക്ഷകർ തൊഴിൽ രഹിതരും ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തവരും ആയിരിക്കണം.

സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ പരമാവധി 20 ലക്ഷം രൂപ വരെയാണു വായ്പ. നൽകുന്ന വായ്പയുടെ 15% ബാക്ക് എന്റഡ് സബ്സിഡി ആയും, തിരിച്ചടവ് കൃത്യമായി പാലിക്കുന്നവർക്ക് ആദ്യ നാലുവർഷ കാലത്തേക്ക് 3% പലിശ സബ്സിഡിയായും നോർക്ക റൂട്ട്സ് അനുവദിക്കുന്നതാണ്.

അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനമനുസരിച്ചാണ് വായ്പകൾ നൽകുക. താൽപ്പര്യമുള്ളവർ അപേക്ഷ ഫോമിനും കൂടുതൽ വിവരങ്ങൾക്കുമായി കോർപറേഷന്റെ ബന്ധപ്പെട്ട ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതും നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.



# തോടു നവീകരണം പുരോഗമിക്കുന്നു

**പഴഞ്ഞി:** കോൾപാടങ്ങളിലെ തോടുകളുടെ നവീകരണം പുരോഗമിക്കുന്നു. വെള്ളത്തിൽ പൊന്തിക്കിടക്കുന്ന ബാർജറിൽ മണ്ണുമാന്തി യന്ത്രം ഉപയോഗിച്ചാണ് തോടുകൾ വൃത്തിയാക്കുന്നത്. തോട്ടിലെ മണ്ണെടുത്ത് വരമ്പ് ബലപ്പെടുത്തുകയും ചെയ്യുന്നുണ്ട്.വെട്ടിക്കടവ് തോടു മുതൽ പെങ്ങാമുക്ക് ചെറുവള്ളിക്കടവ് വരെയുള്ള ഭാഗത്താണ്  നവീകരണം നടക്കുന്നത്.

തോട്ടിലെ മണ്ണെടുക്കുന്നതോടെ കൂടുതൽ വെള്ളം നൂറാടിതോട്ടിൽ ശേഖരിക്കാൻ കഴിയും. മുൻപ് തോടുകളിലെ പാഴ്ചെടികളാണ് മണ്ണുമാന്തി യന്ത്രം ഉപയോഗിച്ചു വൃത്തിയാക്കിയിരുന്നത്. പതിറ്റാണ്ടിനു ശേഷമാണ് നൂറാടിത്തോടിന്റെ ആഴം കൂട്ടുന്നത്.

കോൾപാടങ്ങളിൽ വെള്ളം വറ്റിക്കാനായി നൂറാടിതോട്ടിലേക്കാണ് വെള്ളം പമ്പ് ചെയ്യുന്നത്. മേഖലയിലെ മുഴുവൻ കോൾപടവുകളും നൂറാടിതോട്ടിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതോടെ പലയിടത്തും വരമ്പ് നിറഞ്ഞു വെള്ളം പാടത്തേക്ക് ഒഴുകാറുണ്ട്. തോടിന്റെ ആഴം കൂട്ടിയതോടെ വെള്ളം നിറഞ്ഞൊഴുകുന്നത് ഒഴിവാകുമെന്ന പ്രതീക്ഷയിലാണ് കർഷകർ.

# കാറ്റുള്ളമല നമ്പികുളം ടൂറിസ്റ്റ് മേഖല: വികസന പദ്ധതികൾ കാറ്റിൽ പറന്നു



**കൂരാച്ചുണ്ട്:** സമുദ്രനിരപ്പിൽ നിന്നും 2400 അടിയോളം ഉയരത്തിലുള്ള പ്രകൃതിരമണീയമായ, ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കാറ്റുള്ളമല നമ്പികുളം ടൂറിസ്റ്റ് മേഖലയെ അവഗണിക്കുന്നതായി പരാതി. 2018ൽ മന്ത്രി ഉദ്ഘാടനം ചെയ്ത, 1.50 കോടി രൂപയുടെ നമ്പികുളം ടൂറിസം വികസന പദ്ധതി പൂർത്തീകരിച്ചില്ല.

വ്യൂ ടവറിന്റെ പ്രവൃത്തിയെ സംബന്ധിച്ച് മുൻപ് ആക്ഷേപം ഉയർന്നിരുന്നു. പണി വർഷങ്ങൾ കഴിഞ്ഞിട്ടും പാതിവഴിയിലാണ്. പ്രധാന വ്യൂ പോയിന്റുകളിൽ കൈവരി സ്ഥാപിക്കുന്ന പ്രവൃത്തിയും നടന്നില്ല. കഴിഞ്ഞ ദിവസം മത്തൻ കാക്ക വ്യൂ പോയിന്റിൽ യുവാവ് താഴേക്ക് വീണ് മരിച്ചിരുന്നു.ശുചിമുറി നിർമാണ പ്രവൃത്തി തുടങ്ങിയില്ല. പാർക്കിങ് ഏരിയ മേഖലയിൽ ഇനിയും പണി പൂർത്തീകരിക്കാൻ ഉണ്ട്. ഇരിപ്പിടം, കുടിവെള്ളം, വൈദ്യുതി, മാലിന്യ സംസ്കരണ സംവിധാനം എന്നിവ കൂടി ഒരുക്കണം.

പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യാൻ 2022 ഡിസംബർ 6ന് കലക്ടറേറ്റിൽ കെ.എം.സച്ചിൻദേവ് എംഎൽഎ വിളിച്ചു ചേർത്ത ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും യോഗത്തിൽ പ്രവൃത്തി പൂർത്തിയാക്കി 2023 ജനുവരിയിൽ ഉദ്ഘാടനം ചെയ്യാമെന്നു തീരുമാനിച്ചെങ്കിലും നടപ്പായില്ല. കലക്ടർ, എംഎൽഎ ഉൾപ്പെടെയുള്ള സംഘം പ്രദേശം സന്ദർശിക്കുമെന്നു തീരുമാനിച്ചതല്ലാതെ ഒന്നും നടന്നില്ല.

ദിവസേന നൂറുകണക്കിനു ടൂറിസ്റ്റുകളാണ് നമ്പികുളത്ത് എത്തുന്നത്. ടൂറിസം വകുപ്പിന്റെ ഈ പദ്ധതി പൂർത്തിയായാൽ ടൂറിസം മാനേജ്മെന്റ് കമ്മിറ്റി മുഖേന ടിക്കറ്റ് ഇനത്തിൽ സർക്കാരിന് വരുമാനവും ലഭിക്കും. ഗൈഡുകൾ ഇല്ലാത്തതിനാൽ ടൂറിസ്റ്റുകൾക്ക് അപകട സാധ്യതയും കൂടുതലാണ്.

റോഡിന്റെ ദുരവസ്ഥയും പ്രശ്നമാണ്. എംഎൽഎ ഫണ്ടിൽ നിന്നും 2022 നവംബറിൽ 25 ലക്ഷം രൂപ നമ്പികുളം റോഡ് കോൺക്രീറ്റിങ്ങിന് അനുവദിച്ചു മാസങ്ങൾ കഴിഞ്ഞിട്ടും സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. എംപി ഫണ്ടിൽ നിന്നും അനുവദിച്ച 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കൽ നടപടിയിലാണ്.

## ടെൻഡർ ക്ഷണിച്ചു

**കോട്ടയം :** കാഞ്ഞിരപ്പള്ളി ഐ.ടി.ഡി പ്രോജക്ട് ഓഫീസിന്റെ നിയന്ത്രണത്തിലുള്ള ഏറ്റുമാനൂർ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അഞ്ചു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന മുന്നൂറിൽ പരം വിദ്യാർത്ഥിനികൾക്ക് നൈറ്റ് ഡ്രസ് (പാന്റ്,ബനിയൻ) വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. മേയ് 30 ന് വൈകിട്ട് മൂന്നിനകം കാഞ്ഞിരപ്പള്ളി ഐ.ടി.ഡി. പി ഓഫീസിൽ നൽകണം.
അന്നേ ദിവസം 3.30 ന് തുറക്കും. വിശദവിവരത്തിന് ഫോൺ: 04828 202751.

## പ്രോജക്ട് ഫെല്ലോ ഒഴിവുകൾ

**തൃശ്ശൂർ:** പീച്ചിയിലെ സംസ്ഥാന വന ഗവേഷണ സ്ഥാപനത്തിൽ പ്രോജക്ട് ഫെല്ലോയുടെ രണ്ട് ഒഴിവുകളുണ്ട്.

യോഗ്യത: അഗ്രിക്കൾച്ചർ/ഫോറസ്റ്ററി/എൻവിറോൺമെന്റൽ സയൻസ്/എൻവയോൺമെന്റൽ ടെക്നോളജി എന്നിവയിൽ ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദം. ഫീൽഡ് ഡാറ്റാ ശേഖരണത്തിലും ലാബ് വിശകലനത്തിലുമുള്ള ഗവേഷണം അഭികാമ്യ യോഗ്യതയാണ്. 2028 ഏപിൽ 18 വരെ കാലാവധിയുള്ള ഫെല്ലോഷിപ്പിൽ പ്രതിമാസം 22000 രൂപ ലഭിക്കും.

2023 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അഞ്ചും മറ്റ് പിന്നാക്ക വിഭാഗക്കാർക്ക് മൂന്ന് വർഷവും നിയമാനുസൃത വയസ് ഇളവുണ്ട്.

ഉദ്യോഗാർഥികൾ മേയ് 22 രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം കേരള വനഗവേഷണ സ്ഥാപനത്തിന്റെ പീച്ചിയിലുള്ള ഓഫീസിൽ വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

## കെ. ജി. റ്റി. ഇ പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിൽ സീറ്റൊഴിവ്

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിക്കുന്ന കേരള ഗവണ്മെന്റ് അംഗീകാരമുള്ള ഒരു വർഷ ദൈർഘ്യമുള്ള കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി 2023 24 കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസ്സായിരിക്കണം. പട്ടികജാതി പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി/ എസ്.ഇ.ബി.സി/ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കുന്നതാണ്.

അപേക്ഷകർ വിദ്യാഭ്യാസയോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്സ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 ഫോൺ 0471 2474720, 0471 2467728 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്.



# പൊന്മുടി സംസ്ഥാന ഹൈവേ നവീകരണം; പ്രതിഷേധം ശക്തം

**വിതുര:** 167 കോടി രൂപയുടെ പൊന്മുടി സംസ്ഥാന ഹൈവേ നവീകരണവുമായി ബന്ധപ്പെട്ട പരാതികൾ പൊതു ജനങ്ങളുടെ ഭാഗത്തു നിന്നും ദിനം പ്രതി ഉയരുന്നതിനു പിന്നാലെ കക്ഷി രാഷ്ട്രീയ നേതാക്കളും പ്രതിഷേധവുമായി രംഗത്ത്.

അടിമുടി അശാസ്ത്രീയത കടന്നു കൂടിയതു വഴി രൂപപ്പെട്ട ആശങ്കകളെ ഗൗനിക്കാതെയുള്ള നവീകരണം തുടർ അപകടങ്ങളാണു സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. ആശുപത്രി ആവശ്യങ്ങൾക്ക് ഉൾപ്പെടെ ഒട്ടേറെ വാഹനങ്ങൾ കടന്നു പോകുന്ന ഇടമായിട്ടു കൂടി ഗതാഗത ക്രമീകരണം പോലും കാര്യക്ഷമമായി നടത്തുന്നില്ല. ഒരറ്റത്തു നിന്നും മറ്റൊരറ്റത്തേക്കു നിർമാണം നടത്തുകയോ ആകെ സ്ഥലത്തെ പല ഭാഗങ്ങളായി തിരിച്ച് ബുദ്ധിമുട്ട് അധികം സൃഷ്ടിക്കാത്ത തരത്തിൽ നിർമാണം നടത്തുകയോ ചെയ്യുകയായിരുന്നു ഉത്തമം.

എന്നാൽ നിലവിൽ പല ഭാഗവും വെട്ടിപ്പൊളിച്ചിട്ടിരിക്കുകയാണ്. ചിലയിടത്തു മൺ കൂനകൾ, മറ്റു ചിലയിടത്തു മെറ്റൽ കൂനകൾ, വേറെ ചിലയിടത്തോ വൻ കുഴികൾ.

സംരക്ഷണ ഭിത്തിയില്ലാത്ത കലുങ്കുകളുടെ വശങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ പോലും സ്ഥാപിച്ചിട്ടില്ല. വെള്ളക്കെട്ടുകളും പ്രശ്നം സൃഷ്ടിക്കുന്നുണ്ട്.

വിനോദ സഞ്ചാരികൾ അടക്കം ഉപയോഗിക്കുന്ന റോഡാണിതെന്നതാണു മറ്റൊരു പ്രധാനപ്പെട്ട കാര്യം. പലരും റോഡിലെ അശാസ്ത്രീയ നിർമാണം സൃഷ്ടിച്ചിരിക്കുന്ന വെല്ലുവിളികളെ കുറിച്ചുള്ള ധാരണയോടു കൂടിയല്ല വരുന്നത്. ബുദ്ധിമുട്ട് കാരണം ചിലർ പൊന്മുടിയിലേക്കുള്ള യാത്ര മാറ്റി വച്ചു മറ്റിടങ്ങളിലേക്കു പോകുന്നതും പതിവാണ്.



# കടലിലെ രക്ഷാദൗത്യം: മുഴുവൻ സമയ കൺട്രോൾ റൂം തുടങ്ങി

വിഴിഞ്ഞം: മത്സ്യബന്ധന സീസൺ, കാലവർഷം എന്നിവ മുൻനിർത്തി വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷനു കീഴിൽ രക്ഷാപ്രവർത്തനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി മുഴുവൻ സമയ കൺട്രോൾ റൂം പ്രവർത്തനം തുടങ്ങി. ഫോൺ: 0471 2480335. കടലിലെ അടിയന്തര രക്ഷാ ദൗത്യമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഇതിൽ ബന്ധപ്പെടാമെന്ന് അധികൃതർ അറിയിച്ചു.

രക്ഷാ ദൗത്യത്തിന് നിലവിൽ വിഴിഞ്ഞത്ത് മറൈൻ ആംബുലൻസും മുതലപ്പൊഴിയിൽ വാടക ബോട്ടും സജ്ജമാണ്. അടുത്ത മാസം മുതൽ രണ്ടു വാടക ബോട്ടുകളും ചെറു വള്ളവും കൂടി ലഭ്യമാകും. രക്ഷാപ്രവർത്തനത്തിന് ദിവസ വേതന അടിസ്ഥാനത്തിൽ 11 ലൈഫ് ഗാർഡുകളെ കൂടി നിയമിക്കുമെന്നും അറിയിച്ചു.

18ലെ വകുപ്പു മന്ത്രിതല യോഗ ശേഷം വിഴിഞ്ഞം മത്സ്യബന്ധന സീസൺ ഒരുക്കം സംബന്ധിച്ച യോഗം ചേരുമെന്നും അധികൃതർ പറഞ്ഞു.

## ശലഭം പദ്ധതി വഴി നടത്തിയത് 19 ലക്ഷം പരിശോധനകൾ

**തിരുവനന്തപുരം:** നവജാതശിശുക്കളുടെ സമഗ്ര ആരോഗ്യ പരിശോധനയ്ക്കായി ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച ശലഭം പദ്ധതിയിലൂടെ ഇതുവരെ നടത്തിയത് 19 ലക്ഷം പരിശോധനകൾ. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങളെ സമഗ്ര ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കി രോഗമോ വൈകല്യമോ ഉണ്ടെങ്കിൽ കണ്ടെത്തുകയും ചികിത്സ ഉറപ്പാക്കി ആരോഗ്യപൂർണമായ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുകയെന്നതാണു പദ്ധതിയുടെ ലക്ഷ്യം. തീർത്തും സൗജന്യമായാണു പദ്ധതിയുടെ ഭാഗമായുള്ള എല്ലാ പരിശോധനകളും നടത്തുന്നത്.

ഇതുവരെ 19,12,780 പരിശോധനകൾ ശലഭത്തിന്റെ ഭാഗമായി നടത്തി. ജനിച്ച് ഉടനെയും പിന്നീടും ആശുപത്രികളിൽ നടത്തുന്ന സ്ക്രീനിംഗ് വഴി 1,27,054 പരിശോധനകളും ഫീൽഡ് തലത്തിൽ നടത്തുന്ന ആർ.ബി.എസ്.കെ. സ്ക്രീനിംഗ് വഴി 17,85,726 പരിശോധനകളും പൂർത്തിയാക്കി. കുഞ്ഞ് ജനിച്ച് 24 മണിക്കൂറിനുള്ളിൽ നടത്തുന്ന ജനന വൈകല്യ പരിശോധന, ജനിതകപരമോ ഹോർമോൺ സംബന്ധമായോ ഉള്ള അപാകത കണ്ടെത്തുന്നതിനുള്ള മെറ്റബോളിക് സ്ക്രീനിംഗ് (ഐ.ഇ.എം.), പൾസ് ഓക്സിമെട്രി സ്ക്രീനിംഗ്, ശ്വാസകോശത്തിന്റെയും ഹൃദയത്തിന്റെയും പ്രവർത്തനങ്ങൾ പരിശോധിക്കുന്ന ഫങ്ഷണൽ സ്ക്രീനിങ്, കാഴ്ച പരിശോധനയ്ക്കുള്ള ആർ.ഒ.പി. സ്ക്രീനിങ്, കേൾവി പരിശോധിക്കുന്നതിനുള്ള ഓട്ടോ എകൗസ്റ്റിക്ക് എമിഷൻ സ്ക്രീനിങ്(ഒ.എ.ഇ.), ന്യൂറോ ഡെവലപ്മെന്റ് വൈകല്യങ്ങൾ തിരിച്ചറിയുന്നതിനുള്ള സ്ക്രീനിങ് എന്നിവ പദ്ധതിയിലൂടെ സൗജന്യമായി ലഭ്യമാകും.

1,23,515 നവജാത ശിശുക്കളിൽ നടത്തിയ ദൃശ്യമായ ജനന വൈകല്യ പരിശോധനയിൽ 4,629 കുട്ടികൾക്ക് വൈകല്യ സാധ്യത സ്ഥിരീകരിച്ചു. 1,21,100 കുട്ടികളിൽ നടത്തിയ പൾസ് ഓക്സിമെട്രി സ്ക്രീനിങ്ങിൽ 835 പേർക്കും 1,24,319 കുട്ടികളിൽ നടത്തിയ ഹൃദയ ശാരീരിക പരിശോധനയിൽ 4,761 പേർക്കും വൈകല്യ സാധ്യത കണ്ടെത്തി. കേൾവി പരിശോധനയ്ക്കുള്ള ഓട്ടോ എകൗസ്റ്റിക്ക് എമിഷൻ സ്ക്രീനിങ് (ഒ.എ.ഇ.) വഴി 1,00,628 പരിശോധനകൾ നടത്തിയതിൽ 6,716 കുട്ടികളിൽ കേൾവി വൈകല്യ സാധ്യത കണ്ടെത്തി. ജന്മനായുള്ള മെറ്റബോളിക് അസുഖങ്ങൾ കണ്ടെത്തുന്നതിന് നടത്തുന്ന 1,15,958 ഐ.ഇ.എം. പരിശോധനയിൽ 2,155 കുട്ടികളിൽ വൈകല്യ സാധ്യതയും കണ്ടെത്തി. ഇവർക്ക് ബന്ധപ്പെട്ട ചികിത്സാ വിഭാഗങ്ങളിലുള്ള തുടർ ചികിത്സയും പദ്ധതി മുഖേന ഉറപ്പാക്കിയിട്ടുണ്ട്.

ആശുപത്രികളിലും ഫീൽഡ് തലത്തിലും പീഡിയാട്രിഷ്യന്റെയോ മെഡിക്കൽ ഓഫിസറുടേയോ നേതൃത്വത്തിലാണു പരിശോധനയ്ക്കുള്ള മെഡിക്കൽ സംഘം പ്രവർത്തിക്കുന്നത്. ഫീൽഡ് തലത്തിൽ നടക്കുന്ന ആർ.ബി.എസ്.കെ. സ്ക്രീനിങ്ങിനായി 1,174 നഴ്സുമാരെയാണു സംസ്ഥാനത്തു നിയോഗിച്ചിട്ടുള്ളത്.

## പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തിയ എഫ്.ഡി.ജി.റ്റി ഏപ്രിൽ 2022 പരീക്ഷയുടെ സൂക്ഷ്മ പരിശോധനഫലം www.tekerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

# വിദ്യാഭ്യാസ ഉള്ളടക്ക നിർമാണത്തിൽ കൈറ്റ് ലെൻസ് പ്രയോജനപ്രദം: മന്ത്രി വി.ശിവൻകുട്ടി



**കൊച്ചി:** വിദ്യാഭ്യാസാവശ്യത്തിനുള്ള ഉള്ളടക്കം തയാറാക്കുന്നതിൽ ദൃശ്യ, ശ്രാവ്യ മാധ്യമ സങ്കേതങ്ങൾ പ്രയോജനപ്രദമാക്കുന്നതിൽ സുപ്രധാന ചുവടുവയ്പാണ് കൈറ്റ് ലെൻസ് എജ്യുക്കേഷൻ കണ്ടന്റ് ക്രിയേഷൻ ഹബ്ബെന്ന് പൊതു വിദ്യഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അഭിപ്രായപ്പെട്ടു. കോവിഡ് ലോക് ഡൗൺ കാലത്ത് വിദ്യാർത്ഥികളുടെ ഓൺലൈൻ ക്ലാസുകൾക്കായി തയാറാക്കിയ സംവിധാനമാണ് വലിയ രീതിയിൽ വികസിപ്പിച്ചെടുത്തിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.ഇടപ്പള്ളി കൈറ്റ് റിസോഴ്സ് സെന്ററിൽ ആരംഭിച്ച കൈറ്റ് ലെൻസ് എഡ്യൂക്കേഷൻ കണ്ടന്റ് ക്രിയേഷൻ ഹബ്ബിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ ഇന്ന് ഹൈ ടെക്കാണ്. കമ്പ്യൂട്ടറുകളും പ്രൊജക്ടറുകളും സ്ക്രീനുകളും ഉപയോഗിച്ചാണ് ഇപ്പോൾ അധ്യാപകർ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത്. ഈ മാധ്യമങ്ങൾക്ക് ആവശ്യമായ വീഡിയോ, ഓഡിയോ ചിത്രങ്ങൾക്കുള്ള സ്രോതസുകളായി കൈറ്റ് ലെൻസ് സ്റ്റുഡിയോകൾ പ്രവർത്തിക്കും. ആധുനികമായ ഷൂട്ടിംഗ് ഫ്ളോർ, ഓഡിയോ , വീഡിയോ ഉപകരണങ്ങൾ, സാങ്കേതിക പരിശീലനം എന്നിവയുടെ ഏകോപനമാണ് കൈറ്റ് ലെൻസ് സ്റ്റുഡിയോ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ ഉള്ളടക്കം തയാറാക്കുന്നതിൽ ആശയങ്ങളുള്ള അധ്യാപകർക്ക് കൈറ്റ് ലെൻസിലേക്ക് കടന്നു വരാം. അവർക്കാവശ്യമായ എല്ലാ പിന്തുണയും ഇവിടെ ലഭിക്കും. കൈറ്റ് ലെൻസ് സ്റ്റുഡിയോയിൽ തയാറാക്കുന്ന മികച്ച പരിപാടികൾ കൈറ്റ് വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം ചെയ്യും. ഓൺലൈൻ പ്ലാറ്റ് ഫോമുകളിലും അപ് ലോഡ് ചെയ്യും. സ്മാർട്ട് ഫോണുകൾ പ്രയോജനപ്പെടുത്തി നിലവാരമുള്ള വീഡിയോ, ഓഡിയോ ചിത്രീകരണങ്ങൾ നടത്തുന്നതിനുള്ള പരിശീലനവും കൈറ്റ് ലെൻസിൽ ലഭിക്കുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി. കൗൺസിലർ ശാന്ത വിജയൻ അധ്യക്ഷത വഹിച്ചു, കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. അൻവർ സാദത്ത്, ഡിജിറ്റൽ മീഡിയ കൺസൾട്ടന്റ് സുനിൽ പ്രഭാകർ, സീനിയർ ക്രിയേറ്റീവ് എഡിറ്റർ കെ. മനോജ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# ജനങ്ങളാണ് പരമാധികാരി എന്ന ബോധ്യം ഉദ്യോഗസ്ഥർക്കുണ്ടാകണം: മന്ത്രി പി. രാജീവ്

## നിയമത്തിനും ചട്ടത്തിനും അകത്തു നിന്ന് പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാമെന്നു പരിശോധിക്കണം പരാതിയുമായി എത്തുന്നവരെ സംശയത്തിന്റെ കണ്ണട വെച്ചല്ല വിശ്വാസത്തിന്റെ കണ്ണട വെച്ചാണ് നോക്കേണ്ടത്

**കൊച്ചി:** ജനങ്ങളുടെ വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഗണിക്കുമ്പോൾ ജനങ്ങളാണ് പരമാധികാരി എന്ന ബോധ്യം ഉദ്യോഗസ്ഥർക്കുണ്ടാകണമെന്ന് മന്ത്രി പി. രാജീവ്. കരുതലും കൈത്താങ്ങും താലൂക്കുതല അദാലത്ത് എറണാകുളം ടൗൺ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിയമത്തിനും ചട്ടത്തിനും അകത്തു നിന്ന് പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാമെന്നു പരിശോധിക്കണം. പരാതിയുമായി എത്തുന്നവരെ സംശയത്തിന്റെ കണ്ണട വെച്ചല്ല വിശ്വാസത്തിന്റെ കണ്ണട വെച്ചാണ് നോക്കേണ്ടത്. ഓരോ ഫയലും ഓരോ ജീവിതമാണെന്ന യാഥാർഥ്യം മനസിലാക്കണം. അദാലത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള മന്ത്രിമാർക്ക് എല്ലാ വകുപ്പുകളുടെയും പരാതികൾ പരിഹരിക്കാനുള്ള അധികാരം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.ന്യായമായ പരിഹാരം സമയബന്ധിതമായി ലഭ്യമാക്കുകയാണ് അദാലത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി പി. പ്രസാദ് പറഞ്ഞു. അദാലത്തിൽ പരിഗണിക്കുന്ന പരാതികളിന്മേൽ കൃത്യമായ തുടർനടപടികളുണ്ടാകും. ഇതിനായി പ്രത്യേക വിംഗും ചുമതലക്കാരും കളക്ടറേറ്റിലുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.കണയന്നൂർ താലൂക്കിൽ ആകെ 293 പരാതികളാണ് പരിഗ



ണിക്കുന്നത്. ഉദ്ഘാടന യോഗത്തിൽ കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ, ജില്ലാ കളക്ടർ എൻ.എസ്. കെ. ഉമേഷ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, സബ് കളക്ടർ പി. വിഷ്ണു രാജ്, ഡെപ്യൂട്ടി കളക്ടർമാരായ ബി. അനിൽകുമാർ, എസ്. ബിന്ദു, ഹുസൂർ ശിരസ്തദാർ കെ. അനിൽ കുമാർ മേനോൻ തുടങ്ങിയവർ പങ്കെടുത്തു.

# പ്രിവി ലീഗ്; എക്സ്ക്ലൂസീവ് പ്രീമിയം ബാങ്കിങ്ങ് പദ്ധതി പ്രഖ്യാപിച്ച് കൊട്ടക്

PRIVY LEAGUE | kotak Kotak Mahindra Bank

**കൊച്ചി:** ഉയർന്ന മൊത്ത ആസ്തിയുള്ള വ്യക്തികൾക്ക് അനുപമമായ ജീവിതശൈലീ പ്രത്യേക ആനുകൂല്യങ്ങളും സാമ്പത്തിക പരിഹാരങ്ങളും വാഗ്ദാനം ചെയ്ത് എക്സ്ക്ലൂസീവ് പ്രീമിയം ബാങ്കിങ്ങ് പരിപാടിയായ പ്രിവി ലീഗിന് കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് തുടക്കം കുറിച്ചു.പുതിയ മൂല്യ പ്രസ്താവന ഉപഭോക്താക്കൾക്ക് അമൂല്യമായ അനുഭവങ്ങൾ നൽകുന്ന ബഹുമുഖ വാഗ്ദാനങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത് കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് അധികൃതർ വ്യക്തമാക്കി.കോംപ്ലിമെന്ററി എംഎംടി ബ്ലാക്ക് എലൈറ്റ് ആന്വൽ മെമ്പർഷിപ്പിലൂടെ യാത്രാ മേഖലയിലുടനീളം പ്രത്യേക ആനുകൂല്യങ്ങൾ ഉൾപ്പെടുന്നതാണ് പ്രിവി ലീഗ്. സമാനതകളില്ലാത്ത ആഢംബരം വാഗ്ദാനം ചെയ്യുന്ന ഈ പരിപാടി അന്താരാഷ്ട്ര കായിക മത്സര വേദികളിലെ മുൻ നിര സീറ്റുകൾ ലഭ്യമാക്കുന്ന സ്വകാര്യ ചാർട്ടറുകൾ ക്രമീകരിച്ചു നൽകുന്ന തരത്തിലുള്ള സമാനതകളില്ലാത്ത സൗകര്യങ്ങൾ നൽകുന്ന ലഫായറ്റെ ലക്ഷ്വറി കൺസീർജ് സർവീസസ് കൂടി വാഗ്ദാനം ചെയ്യുന്നു. കോംപ്ലിമെന്ററി ഈസിഡൈനർ പ്രൈം ആന്വൽ മെമ്പർഷിപ്പും സ്വിഗ്ഗിയിൽ ആകർഷകമായ ഇളവുകളും ഉൾപ്പെടെ ഭക്ഷണം കഴിയ്ക്കുന്ന കാര്യത്തിലും ഈ പരിപാടി വാഗ്ദാനങ്ങൾ നൽകുന്നു.ഇതിലൊക്കെ ഉപരിയായി പുതിയ പ്രിവി ലീഗ് പരിപാടി ആരോഗ്യം, ക്ഷേമം, രുചി അനുഭവങ്ങൾ, അറിവിന്റെ അടിസ്ഥാനത്തിലുള്ള കൂടിക്കാഴ്ച്ചകൾ തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ ബഹുമാന്യമായ അനുഭവങ്ങൾ കൂടി പകർന്നു നൽകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിൽ ഹോണ്ട ഇന്ത്യ ടീമിന് നേട്ടം



**കൊച്ചി:** മലേഷ്യയിൽ നടക്കുന്ന ഏഷ്യൻ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിന്റെ രണ്ടാം റൗണ്ടിൽ ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീം രണ്ട് ഓവറോൾ പോയിന്റുകൾ നേടി. ടീമിലെ കാവിൻ റേസ് ഒന്നിൽ 14ാം സ്ഥാനത്തായാണ് ഫിനിഷ് ചെയ്തത്. മോഹ്സിൻ 17ാം സ്ഥാനത്തും. ഉയർന്ന അന്തരീക്ഷ താപനില കാര്യങ്ങൾ കൂടുതൽ നിർണായകമാക്കിയിരിക്കുകയാണെന്ന് ഹോണ്ട മോട്ടോർ സൈക്കിൾ ആന്റ് സ്കൂട്ടർ ഇന്ത്യയുടെ പ്രീമിയം മോട്ടോർ സൈക്കിൾ ബിസിനസ് ഓപ്പറേറ്റിങ് ഓഫിസർ പി രാജഗോപി പറഞ്ഞു. വരുന്ന റൗണ്ടുകളിൽ തങ്ങളുടെ റൈഡർമാർ കഴിവുകൾ കൂടുതൽ മെച്ചപ്പെടുത്തി ടീമിന് പോയിന്റുകൾ നേടിക്കൊടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

# എൻഎസ്ഇ ക്രൂഡ് ഓയിൽ, നാചുറൽ ഗ്യാസ് കോൺട്രാക്ടുകൾക്കു തുടക്കം കുറിച്ചു

**കൊച്ചി:** നാഷണൽ സ്റ്റോക് എക്സ്ചേഞ്ച് രൂപ അടിസ്ഥാനത്തിലുള്ള ക്രൂഡ് ഓയിൽ, നാചുറൽ ഗ്യാസ് കോൺട്രാക്ടുകൾക്കു തുടക്കം കുറിച്ചു. തങ്ങളുടെ കമ്മോഡിറ്റി ഡെറിവേറ്റീവ് വിഭാഗത്തിൽ സെബിയുടെ അനുമതിക്കു വിധേയമായാണ് എൻഎസ്ഇയിൽ എൻവൈഎംഇഎക്സ് ഡബ്ലിയുടിഐ ക്രൂഡ് ഓയിൽ, നാചുറൽ ഗ്യാസ് ഫ്യൂചേഴ്സിനു തുടക്കം കുറിച്ചിരിക്കുന്നത്. മൊത്തത്തിലുള്ള കമ്മോഡിറ്റി വിഭാഗത്തിന് ഒപ്പം ഊർജ്ജ വിഭാഗത്തിലേക്കു കൂടി എൻഎസ്ഇയുടെ സേവനങ്ങൾ വിപുലീകരിക്കുന്നതാണ് ഈ നീക്കം. എൻസിഎൽ സെറ്റിൽമെൻറ് ഗാരണ്ടിയും എൻഎസ്ഇ മറ്റു സേവനങ്ങളും ലഭ്യമാക്കുന്നതോടെ ഈ കോൺട്രാക്ടുകൾ വിപണിയിലെ പങ്കാളികൾക്ക് വിലക്കയറ്റത്തിനെതിരായി നീങ്ങാനും തങ്ങളുടെ വ്യാപാര ലക്ഷ്യങ്ങൾ കൈവരിക്കാനുമുള്ള ഫലപ്രദമായ മാർഗമാണു നൽകുന്നതെന്ന് എൻഎസ്ഇ ചീഫ് ബിസിനസ് ഡെവലപ്മെൻറ് ഓഫിസർ ശ്രീറാം കൃഷ്ണൻ പറഞ്ഞു.

# ഐസിഐസിഐ പ്രു കോൺസ്റ്റന്റ് മെച്യൂരിറ്റി ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** പുതിയ ഡെറ്റ് ഫണ്ടായ ഐസിഐസിഐ പ്രു കോൺസ്റ്റൻറ് മച്യൂരിറ്റി ഫണ്ട് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് അവതരിപ്പിച്ചു.ഉപഭോക്താക്കൾക്ക് നിലവിലെ ഉയർന്ന പലിശ നിരക്കിൽ തങ്ങളുടെ നിക്ഷേപങ്ങൾ ലോക്കു ചെയ്യാൻ സൗകര്യം നൽകുന്നതും ദീർഘകാല സമ്പത്തു സൃഷ്ടിച്ച് സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കുന്നതിനും സഹായകമാകുമെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഫിക്സഡ് ഇൻകം വിഭാഗം മേധാവി അരുൺ ശ്രീനിവാസൻ പറഞ്ഞു.ലൈഫ് ഇൻഷൂറൻസ് മേഖലയിൽ നിന്നുള്ള ഇത്തരത്തിലെ ആദ്യ ഫണ്ടായ ഇത് നിലവിലുള്ള പലിശ നിരക്കു രീതിയിൽ നിക്ഷേപിക്കാനുള്ള മികച്ച അവസരമാണ് ഉപഭോക്താക്കൾക്കു നൽകുന്നത്. പലിശ നിരക്കുകൾ ഉയർന്ന നിലയിൽ തുടരുമ്പോൾ പലിശ നിരക്കിലുണ്ടാകുന്ന ഏത് ഇടിവും ഡെറ്റ് പദ്ധതികളെ ആകർഷകമായ ഒരു നിക്ഷേപ അവസരമാക്കി മാറ്റും. ഡെറ്റ് പദ്ധതികളും പലിശ നിരക്കുകളും തമ്മിലുള്ള എതിർ ദിശയിലുള്ള ബന്ധമാണിതിനു കാരണം. പലിശ നിരക്കുകൾ താഴുമ്പോൾ ഇവയുടെ വില ഉയരുകയും ഇവയിൽ നിക്ഷേപിച്ചിട്ടുള്ള നിക്ഷേപകർക്ക് നേട്ടമാകുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. കമ്പനിയുടെ പതാകവാഹക യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാൻസ് (യൂലിപ്) പദ്ധതികളുമായുള്ള നിക്ഷേപത്തിനാണ് ഈ ഫണ്ട് ലഭ്യമായിട്ടുള്ളത്. ലൈഫ് പരിരക്ഷ, കുടുംബത്തിന് സാമ്പത്തിക സുരക്ഷിതത്വം, ദീർഘകാലത്തിൽ സമ്പത്തു സൃഷ്ടിക്കാനുള്ള അവസരം തുടങ്ങിയവയാണ് യൂലിപ് പദ്ധതികൾ ഉപഭോക്താക്കൾക്കു നൽകുന്നത്. ഐസിഐസിഐ പ്രു കോൺസ്റ്റൻറ് മച്യൂരിറ്റി ഫണ്ടിൻറെ യൂണിറ്റുകൾ 2023 മെയ് 15 മുതൽ വാങ്ങാം.യൂലിപ്പിലുള്ള നിക്ഷേപങ്ങൾ വാർഷിക പ്രീമിയത്തിൻറെ 10 മടങ്ങ് ലൈഫ് ഇൻഷുറൻസ് നൽകുന്നതാണെങ്കിൽ 2.5 ലക്ഷം രൂപ വരയുള്ള വാർഷിക നിക്ഷേപങ്ങൾക്ക് നികുതി ആനുകൂല്യങ്ങൾ നൽകുകയും കാലാവധി കഴിഞ്ഞു കിട്ടുന്ന തുക നികുതി വിമുക്തമായിരിക്കുകയും ചെയ്യും.സ്ഥിര വരുമാന യൂലിപ് വിഭാഗത്തിൽ ഇത്തരത്തിൽ ഒരു പദ്ധതി അവതരിപ്പിക്കുന്ന ആദ്യ ഇൻഷുറൻസ് സ്ഥാപനമായി മാറാൻ വഴിയൊരുക്കിയ സവിശേഷമായ ഈ ഡെറ്റ് പദ്ധതി പുറത്തിറക്കാൻ തങ്ങൾക്ക് സന്തോഷമുണ്ടെന്നും അരുൺ ശ്രീനിവാസൻ പറഞ്ഞു.തങ്ങളുടെ ലിങ്ക്ഡ് സേവിങ്സ് പദ്ധതികളോടൊപ്പം ഐസിഐസിഐ പ്രു കോൺസ്റ്റൻറ് മച്യൂരിറ്റി ഫണ്ട് ലഭ്യമാകും. നിലവിലെ ഉയർന്ന പലിശ നിരക്കിൻറെ നേട്ടം സ്വന്തമാക്കാനും ദീർഘകാലത്തേക്ക് നിക്ഷേപങ്ങൾ ലോക്കു ചെയ്യാനും ഉപഭോക്താക്കൾക്ക് ഈ പദ്ധതിയിൽ പ്രീമിയം നിക്ഷേപിക്കാമെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് പ്രൊഡക്ട്സ് വിഭാഗം മേധാവി ശ്രീനിവാസ് ബാലസുബ്രഹ്മണ്യൻ പറഞ്ഞു.

# ഇൻഫോ പാർക്കിൽ ജോബ് ഫെയർ സംഘടിപ്പിച്ചു




**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയേഴ്സ് (ഐ.ഇ.ഇ.ഇ) കേരളാ സെക്ഷനും കേരളാ നോളഡ്ജ് എക്കോണമി മിഷനും എൻ.ഐ.ഇ.എൽ.ഐ.ടി കോഴിക്കോടും ഗ്രൂപ്പ് ഓഫ് ടെക്നോളജീ കമ്പനീസിന്റെ (ജിടെക്) വിദ്യാഭ്യാസ വിഭാഗമായ മ്യൂലേണും ചേർന്ന് ഇൻഫോപാർക്കിൽ ലോഞ്ച്പാഡ് കേരളാ എന്നപേരിൽ ജോബ് ഫയർ സംഘടിപ്പിച്ചു. ഇതോടൊപ്പം കേരളത്തിലെ പ്രധാന ഐ.ടി പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലെ വിവിധ കമ്പനികളിൽ ഇന്റേൺഷിപ്പിന് അവസരമൊരുക്കുന്ന ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ പങ്കെടുക്കാനുള്ള അവസരവും ഉദ്യോഗാർത്ഥികൾക്കായി ഒരുക്കിയിരുന്നു. ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി രത്തൻ യു. ഖേൽക്കർ ഐ.എ.എസ് മുഖ്യാതിഥിയായി പങ്കെടുത്തു. ഐ.ഇ.ഇ.ഇ കേരളാ സെക്ഷൻ ഇൻഡസ്ട്രി റിലേഷൻ ചെയർ ഡോ. ബിജോയ് ആന്റണി ജോസ് സ്വാഗതവും സ്റ്റുഡന്റ് ആക്റ്റിവിറ്റീസ് ചെയർ ഷോൺ ജോസ് നന്ദിയും പറഞ്ഞു. ഐ.ഇ.ഇ.ഇ കേരള വിഭാഗം ഇമ്മീഡിയറ്റ് പാസ്റ്റ് ചെയർ മിനി ഉലനാട്, ജിടെക് എക്സ്കോം മെമ്പറും കാൽപൈൻ ഗ്രൂപ്പ് സി.ഇ.ഒ ജിജോ ജോൺ, ഇൻഫോപാർക്ക് അഡ്മിനിസ്ട്രേഷൻ മാനേജർ റെജി .കെ തോമസ്, എൻ.ഐ.ഇ.എൽ.ഐ.ടി കോഴിക്കോട് സയന്റിസ്റ്റും എൻജിനിയറുമായ നന്ദകുമാർ .ആർ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.ഐ.ടി മേഖലയുടെ കുതിപ്പിന് കരുത്തേകാൻ സർവകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നും പഠനം പൂർത്തിയാക്കി വരുന്ന ഉദ്യോഗാർത്ഥികളെ ഫിനിഷിങ്ങ് സ്കൂളുകൾ, ഇന്റേൺഷിപ്പുകൾ, കൂടാതെ ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം, ലോഞ്ച്പാട് ജോബ് ഫെയർ തുടങ്ങിയ സർക്കാരിന്റെ പദ്ധതികൾ വഴി പ്രാപ്തരാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് രത്തൻ യു. ഖേൽക്കർ ഐ.എ.എസ് പറഞ്ഞു. 12 കമ്പനികളാണ് ജോബ്ഫെയറിലും ഇന്റേൺഷിപ്പ് ഫെയറിലുമായി പങ്കെടുത്തത്. 400 ഓളം തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളും പരിപാടിയിൽ പങ്കെടുത്തു. ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ പൈലറ്റ് എഡിഷനിൽ പങ്കെടുത്ത 90 ശതമാനം ഉദ്യോഗാർത്ഥികളും വിവിധ കമ്പനികളിൽ ജോലി നേടി. ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ പങ്കെടുക്കാൻ ignite.keralait.org. എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.

# 'ക്വീൻ എലിസബത്ത്' ; നരേന്റെ ക്യാരക്ടർ പോസ്റ്റർ റിലീസായി




**കൊച്ചി:** വർഷങ്ങളുടെ ഇടവേളയ്ക്കു ശേഷം മീരാ ജാസ്മിൻനരേൻ കോംബോ ഒന്നിക്കുന്ന എം.പത്മകുമാർ ചിത്രം ക്വീൻ എലിസബത്തിലെ നരേന്റെ ക്യാരക്ടർ പോസ്റ്റർ റിലീസായി. അലക്സ് എന്ന മുപ്പത്തിഅഞ്ചു വയസ്സുകാരനായാണ് നരേൻ ഈ ചിത്രത്തിൽഎത്തുന്നത്. തന്റെ കരിയറിൽ സംവിധാനം ചെയ്ത സിനിമകളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഈ ചിത്രം എം.പത്മകുമാർ അണിയറയിലൊരുക്കുമ്പോൾ കരിയറിലെ ശക്തമായ തിരിച്ചുവരവിനൊരുങ്ങുകയാണ് എലിസബത്ത് എന്ന കരുത്തുറ്റ കഥാപാത്രത്തിലൂടെ മീരാ ജാസ്മിൻ. ചിത്രീകരണം പൂർത്തിയാക്കിയ ഫാമിലി ഡ്രാമ, 'ക്വീൻ എലിസബത്തി'ന്റെ പ്രധാന ലൊക്കേഷനുകൾ കൊച്ചി, കുട്ടിക്കാനം, കോയമ്പത്തൂർ എന്നിവിടങ്ങളിലായിരുന്നു. ഹിറ്റ് ചിത്രങ്ങളായ വെള്ളം, അപ്പൻ, പടച്ചോനെ ഇങ്ങള് കാത്തോളി എന്നിവയുടെ നിർമ്മാതാവായ രഞ്ജിത്ത് മണമ്പ്രക്കാട്ട്, ബ്ലൂ മൗണ്ട് പ്രൊഡക്ഷൻസിൻറെ ബാനറിൽ എം.പത്മകുമാർ, ശ്രീറാം മണമ്പ്രക്കാട്ട് എന്നിവരുമായി ചേർന്നാണ് ഈ ചിത്രത്തിന്റെ നിർമാണം നിർവഹിക്കുന്നത്. അർജുൻ ടി സത്യൻ ആണ് ചിത്രത്തിന്റെ രചന.മീരാ ജാസ്മിൻ, നരേൻ എന്നിവർ കേന്ദ്ര കഥാപാത്രങ്ങളിലെത്തുന്ന ചിത്രത്തിൽ ശ്വേതാ മേനോൻ, രമേശ് പിഷാരടി, വി.കെ.പ്രകാശ്, രഞ്ജി പണിക്കർ , ജോണി ആന്റണി,മല്ലികാ സുകുമാരൻ, ജൂഡ് ആന്റണി ജോസഫ്, ആര്യ ബഡായി ബംഗ്ലാവ്, ശ്രുതി രജനികാന്ത്,പേളി മാണി,സാനിയ ബാബു, നീനാ കുറുപ്പ്, മഞ്ജു പത്രോസ്, വിനീത് വിശ്വം, രഞ്ജി കാങ്കോൽ, ചിത്രാ നായർ എന്നിവർ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.ക്വീൻ എലിസബത്തിന്റെ മറ്റു അണിയറപ്രവർത്തകർ ഇവരാണ്. ഛായാഗ്രഹണം : ജിത്തു ദാമോദർ, സംഗീത സംവിധാനം, ബി.ജി,എം: രഞ്ജിൻ രാജ്, എഡിറ്റർ : അഖിലേഷ് മോഹൻ, ആർട്ട് ഡയറക്ടർ: എം.ബാവ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ: ഉല്ലാസ് കൃഷ്ണ, വസ്ത്രാലങ്കാരം: ആയീഷാ ഷഫീർ സേട്ട്, മേക്കപ്പ് : ജിത്തു പയ്യന്നൂർ, പ്രൊഡക്ഷൻ കൺട്രോളർ: ശിഹാബ് വെണ്ണല, സ്റ്റിൽസ്: ഷാജി കുറ്റികണ്ടത്തിൽ, പ്രൊമോ സ്റ്റിൽസ് : ഷിജിൻ ജ രാജ്,പോസ്റ്റർ ഡിസൈൻ:മനു മാമിജോ, പി ആർ ഓ : പ്രതീഷ് ശേഖർ.

# വിൽപ്പനയിൽ 2,00,000 യൂണിറ്റ് ; നേട്ടവുമായി ടാറ്റ പഞ്ച്




**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഓട്ടോമോട്ടീവ് ബ്രാൻഡായ ടാറ്റ മോട്ടോഴ്സ്, ഇന്ത്യയിലെ ആദ്യത്തെ സബ് കോംപാക്റ്റ് എസ്‌യുവിയായ ടാറ്റ പഞ്ചിന്റെ 2,00,000മത്തെ യൂണിറ്റ് പുറത്തിറക്കി. 2021 ഒക്ടോബറിൽ ലോഞ്ച് ചെയ്ത വാഹനത്തിന് അതിശയകരമായ ഡിസൈൻ, കരുത്തുറ്റ പ്രകടനം, മികച്ച ഇൻക്ലാസ് 5 സ്റ്റാർ സുരക്ഷ എന്നിവയ്ക്ക് ഉപഭോക്താക്കളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചതെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു

## രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** കളമശ്ശേരി ഗവ. ഐ ടി ഐയിൽ പിഎംകെവിവൈ 4.0 സൗജന്യ ഹ്രസ്വകാല കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. 18 നും 45 വയസ്സിനും ഇടയിലുള്ള താത്പര്യമുള്ളവർ പാസ്പോർട്ട് സൈസ് ഫോട്ടോ, ആധാർ കാർഡ് , എസ് എസ് എൽ സി / വിദ്യാഭ്യാസ യോഗ്യതയുടെ അസ്സൽ / പകർപ്പ് എന്നിവ സഹിതം നേരിട്ട് ഐ ടി ഐ യിൽ ഹാജറാകേണ്ടതാണ്. രജിസ്ട്രേഷൻ അവസാന തീയതി 10.6.2023 . കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 0484 2555505

# മണപ്പുറം ഫിനാൻസിന് 1500.17 കോടി രൂപയുടെ അറ്റാദായം

**തൃശൂർ:** മുൻനിര ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ മണപ്പുറം ഫിനാൻസ് ലിമിറ്റഡിന് 2022 –2023 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷം1500.17 കോടി രൂപയുടെ സംയോജിത അറ്റാദായം. 12.9 ശതമാനം വാർഷിക വർധന. മുൻവർഷമിതു 1328 .70 കോടി രൂപയായിരുന്നു. 2023 മാർച്ച് 31ന് അവസാനിച്ച നാലാം പാദത്തിൽ കമ്പനിയുടെ അറ്റാദായം 59 ശതമാനം ഉയർന്നു 415.29 കോടി രൂപയായി. മുൻ വർഷമിതു 260 .95 കോടി രൂപയായിരുന്നുവെന്ന് മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി പി നന്ദകുമാർ പറഞ്ഞു.കമ്പനിയുടെ ആസ്തി മൂല്യം 17.2 ശതമാനമുയർന്നു 35,452 കോടി രൂപയിലെത്തി . മുൻ വർഷമിതു 30261 കോടി രൂപയായിരുന്നു. കമ്പനിയുടെ വാർഷിക പ്രവർത്തന വരുമാനം 10 .3 ശതമാനം ഉയർന്നു 6684 കോടി രൂപയായി . മുൻ വർഷം 6061 കോടി രൂപയായിരുന്നു. രണ്ടു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 0 .75 രൂപ നിരക്കിൽ ഇടക്കാല ലാഭവിഹിതം വിതരണം ചെയ്യാനും കമ്പനി ഡയറക്ടർമാരുടെ ബോർഡ് യോഗം തീരുമാനിച്ചു.ഡിമാൻഡ് കോവിഡിനു മുമ്പുള്ള നിലയിലേക്ക് തിരിച്ചെത്തിയതോടെ മൈക്രോ ഫിനാൻസ് ബിസിനസിൽ ആസ്തിയും അറ്റാദായവും മെച്ചപ്പെടുത്താനും മികച്ച വളർച്ച കൈവരിക്കാനും സാധിച്ചു. ഭവന വായ്പ, വാണിജ്യ വാഹന വായ്പ തുടങ്ങിയ സ്വർണ വായ്പാ ഇതര വിഭാഗങ്ങളിലും വളരെ പ്രോത്സാഹജനകമായ വളർച്ച നേടി. പ്രധാന ബിസിനസ് ആയ സ്വർണ വായ്പകളിൽ 6 ശതമാനം വർധനവുണ്ട്. വരും പാദങ്ങളിലും ഈ മുന്നേറ്റം തുടരാനാകുമെന്ന് ഉറപ്പുണ്ടെന്നുംവി പി നന്ദകുമാർ പറഞ്ഞു.സബ്സിഡിയറികൾ മാറ്റിനിർത്തിയുള്ള കമ്പനിയുടെ സ്വർണ വായ്പാ ആസ്തി മൂല്യം മൂന്നാം പാദത്തേക്കാൾ 6.1 ശതമാനം വർധിച്ച് 19,746 കോടി രൂപയിലെത്തി. 2023 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം 24 .1 ലക്ഷം സ്വർണ വായ്പാ ഉപഭോക്താക്കൾ കമ്പനിക്കുണ്ട്.കമ്പനിക്കു കീഴിലുള്ള ആശിർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡ് സാമ്പത്തിക വർഷം ബിസിനസിൽ മികച്ച വളർച്ചയാണ് നേടിയത്. മുൻ വർഷം 7002 കോടി രൂപയായിരുന്ന ആസ്തി ഇത്തവണ 43.4 ശതമാനം വർധിച്ച് 10041 കോടി രൂപയിലെത്തി.49.4 ശതമാനമെന്ന മികച്ച വളർച്ചയോടെ കമ്പനിയുടെ വാഹന ഉപകരണ വായ്പാ വിഭാഗം സാമ്പത്തിക വർഷത്തെ ആസ്തി മൂല്യം 2455 കോടി രൂപയിലെത്തിച്ചു. മുൻ വർഷം 1643 കോടി രൂപയായിരുന്നു ഇത്. മുൻ പാദത്തെ അപേക്ഷിച്ച് 16.2 ശതമാനം വർധനവും രേഖപ്പെടുത്തി.ഭവന വായ്പാ വിഭാഗമായ മണപ്പുറം ഹോം ഫിനാൻസ് ആസ്തി മൂല്യത്തിൽ 29.7 ശതമാനമാണ് വാർഷിക വളർച്ച നേടിയത്. മുൻ വർഷം 845 കോടിയായിരുന്ന ആസ്തി ഇത്തവണ 1096 കോടി രൂപയിലെത്തി. കമ്പനിയുടെ മൊത്തം വായ്പാ ബിസിനസിൽ 44.3 ശതമാനവും സർണ ഇതര ബിസിനസിൽ നിന്നാണ്.2023 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിയുടെ സംയോജിത അറ്റ മൂല്യം 9644.9 കോടി രൂപയാണ്. കമ്പനിയുടെ ഓഹരിയുടെ ബുക്ക് വാല്യൂ 113.95 രൂപയും പ്രതി ഓഹരിയിൽ നിന്നുള്ള സംയോജിത വരവ് 17.7 രൂപയുമാണ്. മൂലധന പര്യാപ്തതാ അനുപാതം 31.70 ശതമാനമെന്ന ഉയർന്ന തോതിൽ തന്നെ നിലനിർത്തി. അറ്റ നിഷ്ക്രിയ ആസ്തി 1.15 ശതമാനവും മൊത്ത നിഷ്ക്രിയ ആസ്തി 1.33 ശതമാനവുമാണ്.2023 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം സബ്സിഡിയറികൾ ഉൾപ്പെടാതെയുള്ള കമ്പനിയുടെ സംയോജിത കടം 28483 കോടി രൂപയാണ്. 58.8 ലക്ഷം സജീവ ഉപഭോക്താക്കളാണ് നിലവിൽ കമ്പനിക്കുള്ളത്.

# ’ടൂൺസ് അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ്’ സമാപിച്ചു



**തിരുവനന്തപുരം:** അനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക് (എവിജിസി) രംഗത്ത് നിന്നുള്ള പ്രഗത്ഭർ സംവദിച്ച ടൂൺസ് മീഡിയ ഗ്രൂപ്പിന്റെ 24ാമത് ആനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ് സമാപിച്ചു. തിരുവനന്തപുരം ടെക്നോപാർക് പാർക് സെന്ററിൽ നടന്നു വന്നിരുന്ന ദ്വിദിന സമ്മിറ്റിൽ ആനിമേഷൻ തുറന്നിടുന്ന അനന്തസാധ്യതകൾ ചർച്ചയായി. 1999ൽ ടൂൺസ് പ്രവർത്തനം ആരംഭിച്ചതുമുതൽ സംഘടിപ്പിച്ചു വരുന്ന പരിപാടി എവിജിസി രംഗത്ത് ലോകത്തെ ഏറ്റവും പുതിയ സംഭവവികാസങ്ങളെക്കുറിച്ച് അറിയാനും, അനിമേഷൻ കലയെ ആഘോഷമാക്കുന്നതുമായ ഇന്ത്യയിലെ തന്നെ ആദ്യത്തേതുകൂടിയാണ്.അനിമേഷൻ മേഖലയിലെ നവആശയങ്ങൾ ചർച്ചയായ ആദ്യദിനത്തിൽ, ഫ്രെയിംസ്റ്റോർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ അഖൗരി പി സിൻഹ, സ്പാനിഷ് ചലച്ചിത്ര സംവിധായകനും നിർമ്മാതാവുമായ ഡാമിയൻ പെരേയ, പ്രശസ്ത വോയ്സ് ഓവർ ആർട്ടിസ്റ്റായ ദർപൻ മേത്ത, പുനെ ഇന്ത്യൻ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഡീനും അസിസ്റ്റന്റ് പ്രഫസറുമായ ഡോ. മിലിന്ദ് ദാംലെ എന്നിവരാണ് യുവപ്രതിഭകളുമായി സംവദിച്ചത്. പ്രശസ്ത അനിമേഷൻ ഫിലിംമേക്കറും സ്റ്റോറി ടെല്ലറുമായ സിദ്ധാർഥ് മസ്കേരിയുടെ സെഷനോടു കൂടിയാണ് സമ്മിറ്റിന്റെ രണ്ടാം ദിനം ആരംഭിച്ചത്. ആഗോളതലത്തിൽ വിആർ/ എആർ രംഗത്ത് സജ്ജീവ സാന്നിധ്യമായി മാറിയിരിക്കുന്ന രജത് ഓജ, ഇന്ത്യൻ ചലച്ചിത്ര രംഗത്ത് ചരിത്രം രചിച്ച ’ബാഹുബലിയുടെ’ വിഷ്വൽ ഇഫക്ട്സ് ഡയറക്ടറും ഓസ്കർ അവാർഡിനുള്ള ഇന്ത്യൻ എൻട്രിയായിരുന്ന ’ബോംബെ റോസ’യുടെ പ്രൊഡക്ഷൻ ഡിസൈനറുമായ രൂപാലി ഗട്ടി എന്നിവർ അവരുടെ അനുഭവങ്ങളും വൈദഗ്ധ്യങ്ങളും പങ്കുവച്ചു.‘ഇന്ത്യയുടെ AVGC നൈപുണ്യ വിദ്യാഭ്യാസത്തെ പുനർനിർമ്മിക്കുക‘ എന്ന വിഷയത്തിൽ ഡോ. മിലിന്ദ് ദാംലെ, ഡാമിയൻ പെരേയ, സഞ്ജയ് കിംസെര എന്നിവർ ഭാഗമായ പാനൽ ഡിസ്കഷനും രണ്ടാം ദിനത്തിന്റെ മുഖ്യാകർഷണമായിരുന്നു. ടൂൺസ് എഡ്യൂക്കേഷൻ സർവീസസ് എക്സിക്യൂട്ടീവ് ഡയറക്ടർ ശശികുമാർ മോഡറേറ്ററായിരുന്നു. സമാപന ചടങ്ങിൽ ഫെസ്റ്റിവൽ ഡയറക്ടർ അനീഷ് നാരായണൻകുട്ടി നന്ദി പ്രകാശിപ്പിച്ചു. നവംബറിൽ സിൽവർ ജൂബിലിയിലേയ്ക്ക് കടക്കുന്ന ടൂൺസിന്റെ, അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ് 25ാമത് പതിപ്പ് കൂടുതൽ പ്രഗത്ഭരെ ഉൾപ്പെടുത്തി 2024ൽ സംഘടിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കെ.വി.എം കോളേജിൽ ശ്രവണ സഹായി വിതരണം




**ആലപ്പുഴ:** കെ.വി.എംട്രസ്റ്റ് സ്റ്റാർകീ കമ്പനിയും കെ.വി.എം. കോളേജ് നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കു മടക്കം 25 വ്യക്തിൾക്ക് സൗജന്യമായി ശ്രവണ സഹായികൾ വിതരണം ചെയ്തു.കെ.വി.എം.നേഴ്സിങ്ങ് കോളേജ് ഓഡിറ്റോറിത്തിൽ നടന്ന ചടങ്ങിൽ കെ.വി.എം.സ്ഥാപനങ്ങളുടെ ഡയറക്ടർ ഡോ. പ്യാരിലാൽ അദ്ധ്യക്ഷത വഹിച്ചു.സ്റ്റാർ കീസൗത്ത് സോൺ മേധാവി .വിനയ് ബാബു ഉദ്ഘാടനം ചെയ്ത ചടങ്ങിൽ സ്റ്റാർകീ ദക്ഷിണമേഖല ട്രെയിനർ ഭാരതീ കണ്ണൻ മുഖ്യാതിഥിയായിരുന്നു. കെ.വി.എം. സ്ഥാപനങ്ങളുടെ സി.ഇ.ഒ അഡ്വ.രാജേഷ്, ആർട്സ് ആന്റ് സയൻസ് പ്രിൻസിപ്പൽ പ്രൊഫ.(ഡോ.) ഇ.കൃഷ്ണൻ നമ്പൂതിരി, നാഷണൽ സർവ്വീസ് സ്കീം പ്രോഗ്രാം ഓഫീസർ സിനു മോൻ ടി.ജി., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മനോജ് ജോസഫ്, ഡീൻ ഡോ.ആൻ എന്നിവർ സംസാരിച്ചു. നേഴ്സിങ്ങ് ദിനത്തിൽ നേഴ്സിങ്ങ് കോളേജ് സ്കൂൾ അദ്ധ്യാപകരെ ആദരിച്ചു.

# വിപിഎസ് ലേക്ഷോറിൽ നേഴ്സസ് ദിനാഘോഷം



**കൊച്ചി:**വിപിഎസ് ലേക്ഷോറിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന നഴ്സസ് വാരാഘോഷം സംഘടിപ്പിച്ചു. നേഴ്സസ് ദിന ആഘോഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടന ചടങ്ങിൽ നാഷണൽ ഫ്ലോറൻസ് നൈറ്റിംഗേൽ അവാർഡ് ജേതാവ് സിസ്റ്റർ ശോഭന മുഖ്യാതിഥിയായി.ചടങ്ങിൽ മാനേജിംഗ് ഡയറക്ടർ ശ്രീ എസ്. കെ. അബ്ദുള്ള, ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡോ. അനൂപ് നമ്പ്യാർ, ജനറൽ മാനേജർ പ്രദീപ്, ഡിഎംഎസ്. ഡോ. എച്ച്. രമേഷ് , സിഎൻഒ ശ്രീമതി ബിന്ദു രവീന്ദ്രൻ എന്നിവർ പങ്കെടുത്തു.

# കായികക്ഷമതാ പരീക്ഷ

**കൊച്ചി:** എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയ്നി) (മെയിൽ) (കാറ്റഗറി നമ്പർ : 538/2019) തസ്തികയുടെ തെരഞ്ഞെടുപ്പിന്റെ ഭാഗമായി, മാർച്ച് ആറിന് പ്രസിദ്ധപ്പെടുത്തിയ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ഏപ്രിൽ 27, 28 തീയതികളിൽ നടത്തിയ ശാരീരിക അളവെടുപ്പിൽ യോഗ്യത നേടാതെ അപ്പീൽ നൽകി കായികക്ഷമതാ പരീക്ഷയിൽ വിജയിച്ച ഉദ്യോഗാർത്ഥികൾക്കായുള്ള പുനഃഅളവെടുപ്പ് മെയ് 18 ന് രാവിലെ 8.30 ന് തിരുവനന്തപുരത്തുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസിൽ നടത്തും. ഇതു സംബന്ധിച്ചുള്ള അറിയിപ്പ് എസ്.എം.എസ്, പ്രൊഫൈൽ മെസേജ് എന്നിവ മുഖേന ഉദ്യോഗാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. പുനഅളവെടുപ്പിന് ഹാജരാകേണ്ട ഉദ്യോഗാർത്ഥികൾ കായികതാ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവ സഹിതം കൃത്യസമയത്ത് തിരുവനന്തപുരത്തുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.

# അരിക്കൊമ്പൻ മുതൽ റോബോട്ട് വരെ; അത്ഭുതങ്ങളൊരുക്കി ലിറ്റിൽ കൈറ്റ്സ് പ്രദർശനം

**കൊച്ചി:** സെൻസറുകൾ ഘടിപ്പിച്ച റോബോട്ടിക് കൈപ്പത്തിയുണ്ടാക്കാൻ തിരുവനന്തപുരത്ത് നിന്നുള്ള പ്രണവ് രാജേഷിന് വേണ്ടിയിരുന്നത് ചെറിയ സ്പ്രിംഗുകളാണ്. അതു സംഘടിപ്പിച്ചതാകട്ടെ ഞെക്കിത്തുറക്കുന്ന പേനയിൽ നിന്നും. കൈറ്റ് പദ്ധതിയിലൂടെ നൽകിയ റോബോട്ടിക് കിറ്റുകൾ ഉപയോഗിച്ച് കയ്യിൽകിട്ടുന്ന വസ്തുക്കൾ ഉപയോഗിച്ചാണ് ഈ വിദ്യാർത്ഥികൾ പ്രൊഫഷണലുകളെ വെല്ലുന്ന ഉത്പന്നമാതൃകകൾ നിർമ്മിച്ചത്. കേരള സ്റ്റാർട്ടപ്പ് മിഷനും കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യൂക്കേഷനും (കൈറ്റ്) ചേർന്ന് നടന്ന ലിറ്റിൽകൈറ്റ്സ് സംസ്ഥാന ക്യാമ്പിലായിരുന്നു പ്രദർശനം.കാഴ്ചപരിമിതിയുള്ളവർക്കുള്ള കണ്ണടയാണ് മാളയിൽ നിന്നുള്ള ജെസ്ലെറ്റ് ജോബി ഒരുക്കിയത്. സെൻസറുകൾ ഘടിപ്പിച്ച ഈ കണ്ണടയുപയോഗിച്ചാൽ നിശ്ചിത അകലത്തിലുള്ള പ്രതിബന്ധങ്ങളെക്കുറിച്ച മുന്നറിയിപ്പ് നൽകും. വയർലെസ്സായും ഇതുപയോഗിക്കാവുന്നതാണ്.നാല് പൈപ്പ് കഷണങ്ങളും പഴയ സാനിറ്റൈസർ കുപ്പിയും ഉപയോഗിച്ചാണ് കാസർകോഡു നിന്നുള്ള ശ്രീനന്ദ് വിളകൾക്ക് മരുന്നടിക്കാനുള്ള റോബോട്ട് നിർമ്മിച്ചത്. മരുന്നടിക്കുന്നതിനു പുറമെ 360 ഡിഗ്രി തിരിയുന്ന മുനയുള്ള അഗ്നിശമന സംവിധാനവും ഇതിൽ ഘടിപ്പിച്ചിരിക്കുന്നു. കൃഷിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വയ്ക്കാനുള്ള സംവിധാനവും ഇതിലൊരുക്കിയിരിക്കുന്നു.ശരീരത്തിലെ ഇൻസുലിൻ കുറയുന്നത് സ്വയം കണ്ടെത്തുകയും ആവശ്യമായ ഇൻസുലിൻ എത്തിക്കുകയും ചെയ്യുന്ന ഹെൽത്ത് ടെക് ഉപകരണമാണ് മലപ്പുറത്ത് നിന്നുള്ള അഹമ്മദ് റഷദ് ഒരുക്കിയത്. പ്രമേഹമുള്ളവർക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ പറ്റുന്ന വാണിജ്യമാതൃകയൊരുക്കണമെന്നാണ് ഈ കൊച്ചുമിടുക്കൻറെ ആഗ്രഹം.കേരളം മുഴുവൻ ആകാംക്ഷയോടെ ഉറ്റു നോക്കിയ അരിക്കൊമ്പൻറെ കഥയാണ് വയനാട്ടിൽ നിന്നുള്ള ആഘോഷ് കെ ആർ എന്ന മിടുക്കൻ അനിമേഷൻ ഫിലിമിലൂടെ പറഞ്ഞത്. പെരിയാർ കടുവാ സ



ങ്കേതത്തിൽ വിട്ട അരി ക്കൊമ്പൻ അവിടെ നിന്നും വീണ്ടും ചിന്നക്കനാലിലെത്തുന്നതാണ് ഇതിവൃത്തം. തെരഞ്ഞെടുത്ത നാല് അനിമേഷൻ ചിത്രങ്ങളാണ് പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നത്.വിലകൂടിയ ഘടകഭാഗങ്ങളൊന്നും വാങ്ങാതെ സ്വന്തം വീട്ടിലും പരിസരപ്രദേശങ്ങളിലും മാത്രം ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചാണ് കുട്ടികൾ ഈ മാതൃകകൾ ഉണ്ടാക്കിയതെന്ന് കൈറ്റ് സിഇഒ അൻവർ സാദത്ത് പറഞ്ഞു. സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം, രീതികൾ, വിദഗ്ധോപദേശം എന്നിവ കുട്ടികൾക്ക് നേരിട്ടറിയുന്നതിനുള്ള അസുലഭ അവസരമാണ് കെഎസ് യുഎം ആസ്ഥാനത്ത് വച്ച് നടത്തിയ ഈ പരിപാടിയിലൂടെ ലഭിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.14 ജില്ലകളിൽ നിന്നുള്ള കുട്ടികൾ ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു. സംസ്ഥാന ക്യാമ്പ് ചൊവ്വാഴ്ച അവസാനിക്കും.

## കെ.ജി.റ്റി.ഇ.പ്രിന്റിംഗ് ടെക്നോളജി കോഴ്സ്: സീറ്റൊഴിവ്



**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും (സി ആപ്റ്റ്) സംയുക്തമായി ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി.ഇ. പ്രീപ്രസ്സ് ഓപ്പറേഷൻ, കെ.ജി.റ്റി.ഇ പ്രസ്സ് വർക്ക് ആൻറ് കെ.ജി.റ്റി.ഇ പോസ്റ്റ്പ്രസ്സ് കോഴ്സുകളിലേക്ക് സീറ്റൊഴിവുണ്ട്.സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ പരീക്ഷ കൺട്രോളർ സർട്ടിഫിക്കറ്റുകൾ നൽകുന്ന പ്രസ്തുത കോഴ്സിൽ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി./എസ്.ഇ.ബി.സി. മറ്റ് മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്കു വിധേയമായി കെ.പി.സി.ആർ ആനുകൂല്യം ലഭിക്കുന്നതാണ്. താത്പര്യമുള്ളവർ വിദ്യാഭ്യാസം, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി സി ആപ്റ്റ് പരിശീലന വിഭാഗം, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഗവ. എൽ.പി.സ്കൂൾ കാമ്പസ്, തോട്ടക്കാട്ടുകര, ആലുവ 683108, (ഫോൺ : 0484 2605322,9605022555) മെയ് 31 ന് മുമ്പായി നേരിട്ട് ബന്ധപ്പെടുക.

# ഹെൽത്ത് ഫസ്റ്റ് ; ചിറ്റിലപ്പിള്ളി സ്ക്വയറിൽ ഫൺ റൺ സംഘടിപ്പിച്ചു



സോൾസ് ഓഫ് കൊച്ചിൻ ചിറ്റിലപ്പിള്ളി സ്ക്വയറിന്റെ സഹകരണത്തോടെ ഹെൽത്ത് ഫസ്റ്റ് എന്ന പേരിൽ സംഘടിപ്പിച്ച ആരോഗ്യ സംരക്ഷണം, പരിശീലനം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും ഫൺ റണ്ണും ചിറ്റിലപ്പള്ളി സ്ക്വയറിൽ ഒളിമ്പ്യൻ എം.ഡി വൽസമ്മ ഫ്ളാഗ് ഓഫ് ചെയ്യുന്നു. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി,രാജീവ് മന്ത്ര തുടങ്ങിയവർ സമീപം

**കൊച്ചി :** ജനകീയ മാരത്തണുകൾ സംഘടിപ്പിച്ച് പ്രശസ്തരായ സോൾസ് ഓഫ് കൊച്ചിൻ ചിറ്റിലപ്പിള്ളി സ്ക്വയറിന്റെ സഹകരണത്തോടെ ഹെൽത്ത് ഫസ്റ്റ് എന്ന പേരിൽ ആരോഗ്യ സംരക്ഷണം, പരിശീലനം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും ഫൺ റണ്ണും സംഘടിപ്പിച്ചു. ചിറ്റിലപ്പള്ളി സ്ക്വയറിൽ നടന്ന പ്രോഗ്രാം ഒളിമ്പ്യൻ എം.ഡി വൽസമ്മ ഫ് ളാഗ് ഓഫ് ചെയ്തു.താൻ സ്പോർടസിൽ സജീവമായിരുന്ന കാലത്ത് സൗകര്യങ്ങളുടെ അപര്യാപ്തത വളരെ വലുതായിരുന്നുവെന്നും എന്നാൽ ഇന്ന് എല്ലാവിധ സൗകര്യങ്ങളുമുണ്ടെങ്കിലും സ്പോർടസ് ചെയ്യാൻ കുട്ടികൾക്ക് താൽപര്യമില്ലാത്ത സ്ഥിതിയാണ് കണ്ടുവരുന്നതെന്നും എം.ഡി വൽസമ്മ പറഞ്ഞു.ആരോഗ്യസംരക്ഷണത്തിന് വ്യായാമം അനിവാര്യമാണെന്നും സൗകര്യങ്ങൾ എല്ലാവരും ഉപയോഗപ്പെടുത്തണമെന്നും അവർ പറഞ്ഞു. ചെറുപ്പക്കാരിലും പ്രായമായവരിലും ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ചിറ്റിലപ്പിള്ളി സ്ക്വയർ ആരംഭിച്ചതെന്ന് ചടങ്ങിൽ പങ്കെടുത്ത കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പറഞ്ഞു. ആരോഗ്യസംരക്ഷണത്തിന് പ്രധാന്യം നൽകിയുള്ള പരിപാടികൾ തുടർന്നും പ്രോൽസാഹിപ്പിക്കുമെന്നും കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പറഞ്ഞു. റിലേ മാതൃകയിൽ സംഘടിപ്പിച്ച ഫൺ റണ്ണിൽ ഒരു ടീമിൽ നാലംഗങ്ങൾ എന്ന ക്രമത്തിൽ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി 15 ഓളം ടീമുകൾ പങ്കെടുത്തു.വിജയികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തു.സൂംബാ ഡാൻസിന്റെ അകമ്പടിയോടെയുള്ള വ്യായാമ പരിശീലനം, യോഗാ പരിശീലനം എന്നിവയും തുടർന്ന് ഡിജെയും പ്രോഗ്രാമിന്റെ ഭാഗമായി ഉണ്ടായിരുന്നു.സോൾസ് ഓഫ് കൊച്ചിൻ പ്രതിനിധി രമേഷ് കർത്ത,ചിറ്റിലപ്പള്ളി സ്ക്വയർ അസിസ്റ്റന്റ് ജനറൽ മാനേജർ മനോജ് മേനോൻ,ടെക്നിക്കൽ മാനേജർ മനോജ്, രാജീവ് മന്ത്ര തുടങ്ങിയവർ സംസാരിച്ചു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663